# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാണിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം. കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/522/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 17/03/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാണിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/522/2021

തീയ്യതി: 17/03/2021

## തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-02-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 63 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2021 | 02-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 02-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുജാത.എസ്. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. പ്രേംശങ്കർ.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പമീല വിമൽരാജ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. രാജേന്ദ്ര കുമാർ.സി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി രഞ്ജിത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1 | 01-04-2019 | 31-03-2020 |
| ശ്രീ. വിജയലാൽ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി സുമീറ | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ -സർക്കിൾ 3 | | |
| ശ്രീ. പ്രവീൺ.പി.ഐ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ആൻമേരി ജെയിംസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി വനജകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ഹീര ജ്യോതിസ് | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ. ജ്യോതി.എസ്. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി സീന.എൻ.ഐ. | ഹെഡ്മിസ്ട്രസ്, കൊപ്പം എൽ.പി.എസ്. | 01-04-2019 | 31-03-2020 |
| ശ്രീമതി ദീപ്തി.ബി.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: A.Mohamed Nizar (Joint Director, On 12-03-2021) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കൽ -നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-1-1 |
| 3 | ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-1-2 |
| 4 | ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവു ചെയ്തു.<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-03-2021) | 1-1-3 |
| 5 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കുറഞ്ഞ ചെലവ്<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-1-4 |
| 6 | വരവിനങ്ങളുടെ ഡിമാന്റിനെക്കാളും തുക ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കി<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-1-5 |
| 7 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 11-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-2 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Manesh.B.H (Audit Officer, On 07-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-5 |
| 11 | വികസന സെമിനാർ<br>Written By: Manesh.B.H (Audit Officer, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 14-03-2021) | 1-5-1 |
| 12 | വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ<br>Written By: Manesh.B.H (Audit Officer, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 14-03-2021) | 1-5-2 |
| 13 | പദ്ധതി രൂപീകരണം മാർഗ്ഗരേഖകൾ പാലിച്ചിട്ടില്ല | 1-5-3 |

| | | |
|---|---|---|
| | Written By: ANISHA . S.B (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: SUJESH.S (Senior Grade Auditor, On 14-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-6 |
| 15 | ക്ഷേമ പദ്ധതികൾ<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-7 |
| 16 | ക്യാഷ് പരിശോധന<br>Written By: SUJESH.S (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 03-03-2021) | 1-8 |
| 17 | പൊതുഭരണവും ആഭ്യന്തര നിയന്ത്രണവും<br>Written By: Manesh.B.H (Audit Officer, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-9 |
| 18 | പൗരാവകാശ രേഖ പുതുക്കിയിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-9-1 |
| 19 | ISO സർട്ടിഫിക്കേഷൻ<br>Written By: Manesh.B.H (Audit Officer, On 02-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-9-2 |
| 20 | ആസ്തിരജിസ്റ്റർ അപൂർണം<br>Written By: Lipu Lawrence (Auditor, On 04-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-9-3 |
| 21 | ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല<br>Written By: Lipu Lawrence (Auditor, On 04-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-9-4 |
| 22 | ആസ്തി സംരക്ഷണ പദ്ധതി - സർക്കാർ നിർദ്ദേശം പാലിച്ചെന്ന് ഉറപ്പുവരുത്താനായില്ല<br>Written By: Manesh.B.H (Audit Officer, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-9-5 |
| 23 | വിവരാവകാശ രജിസ്റ്റർ - കാലികമാക്കേണ്ടതാണ്<br>Written By: SUJESH.S (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-9-6 |
| 24 | പ്രൊക്യൂയർമെന്റ് മാർഗ്ഗരേഖ- പാലനം സംബന്ധിച്ച്<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 14-03-2021) | 1-9-7 |
| 25 | സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സെക്രട്ടറിയുടെ പ്രാതിനിധ്യം -രേഖപ്പെടുത്തൽ ഇല്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-9-8 |
| 26 | ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകൾ- നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-9-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 06-03-2021) | 1-10 |

| | | |
|---|---|---|
| | Last Updated By: Manesh.B.H (Audit Officer, On 06-03-2021) | |
| 28 | വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 24-02-2021)<br>Last Updated By: Manesh.B.H (Audit Officer, On 03-03-2021) | 1-11 |
| 29 | ലോൺ രജിസ്റ്റർ -അപാകത<br>Written By: Zeena K (Senior Grade Auditor, On 24-02-2021)<br>Last Updated By: K Sreeja (Deputy Director, On 14-03-2021) | 1-11-1 |
| 30 | വാർഷിക ധനകാര്യ പത്രികയിലെ തുകയും രജിസ്റ്ററിലെ തുകയും പെരുത്തപ്പെടുന്നില്ല<br>Written By: Zeena K (Senior Grade Auditor, On 24-02-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-11-2 |
| 31 | Stale Cheque വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 24-02-2021)<br>Last Updated By: Manesh.B.H (Audit Officer, On 03-03-2021) | 1-11-3 |
| 32 | ഗ്രാന്റ് വിഹിതം<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-11-4 |
| 33 | ലൈബ്രറി സെസ്സ്<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 03-03-2021) | 1-11-5 |
| 34 | ചെലവഴിക്കാത്ത തുകകൾ തിരികെ ഒടുക്കിയില്ല<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-11-6 |
| 35 | സംയുക്ത പ്രോജക്ട് -ജില്ലാ പഞ്ചായത്ത്-ഹെഡ് മാറി ചെലവ് ചെയ്തു<br>Written By: Zeena K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-11-7 |
| 36 | ക്ഷേമ പദ്ധതികൾ – വിതരണത്തിന്റെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Zeena K (Senior Grade Auditor, On 05-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-11-8 |
| 37 | വാർഷിക ധനകാര്യപത്രിക, ACR എന്നിവ പൊരുത്തപ്പെടുന്നില്ല<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-11-9 |
| 38 | ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പൊരുത്തപ്പെടുന്നില്ല<br>Written By: Zeena K (Senior Grade Auditor, On 02-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-11-10 |
| 39 | റേഷ്യോസ് ചേർത്തിട്ടില്ല<br>Written By: Lipu Lawrence (Auditor, On 06-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-11-11 |
| 40 | ഗ്രാന്റ് വിനിയോഗം-മേഖല വകയിരുത്തലുകൾ | 1-12 |

| | | |
|---|---|---|
| | മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല<br>Written By: Zeena K (Senior Grade Auditor, On 28-02-2021)<br>Last Updated By: K Sreeja (Deputy Director, On 14-03-2021) | |
| 41 | ഗ്രാന്റ് വിനിയോഗം-വനിതഘടക പദ്ധതിയിക്ക് വകയിരുത്തലിൽ കുറവ്<br>Written By: Zeena K (Senior Grade Auditor, On 28-02-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-12-1 |
| 42 | ഗ്രാന്റ് വിനിയോഗം-കുട്ടികൾ,ഭിന്നശേഷിക്കാർ എന്നിവർക്കുള്ള വകയിരുത്തലിൽ കുറവ്<br>Written By: Zeena K (Senior Grade Auditor, On 28-02-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-12-2 |
| 43 | ഉല്പാദന മേഖലയ്ക്ക് വകയിരുത്തൽ കുറവ്<br>Written By: Zeena K (Senior Grade Auditor, On 28-02-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-12-3 |
| 44 | വികസന ഫണ്ട് റ്റി.എസ്.പി പാശ്ചാത്തല മേഖലയിൽ വകയിരുത്തലുകൾ ഇല്ല<br>Written By: Zeena K (Senior Grade Auditor, On 28-02-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-12-4 |
| 45 | അങ്കണവാടി പോഷകാഹാര വിതരണം-വകയിരുത്തലുകൾ അപൂർണം<br>Written By: Zeena K (Senior Grade Auditor, On 28-02-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-12-5 |
| 46 | അഗതി രഹിത കേരളം(ആശ്രയ) -വകയിരുത്തൽ അപൂർണം<br>Written By: Zeena K (Senior Grade Auditor, On 28-02-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-12-6 |
| 47 | 2018-19ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികൾ<br>Written By: ANISHA . S.B (Senior Grade Auditor, On 01-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-13 |
| 48 | കൃഷി ഓഫീസർ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 01-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-13-1 |
| 49 | റിപ്പോർട്ട് ഖണ്ഡിക 1-19 -പണം ഒടുക്കിയ രസീതുകൾ ഹാജരാക്കി<br>Written By: ANISHA . S.B (Senior Grade Auditor, On 06-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-13-2 |
| 50 | റിപ്പോർട്ട് ഖണ്ഡിക 1-31<br>Written By: ANISHA . S.B (Senior Grade Auditor, On 06-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-13-3 |
| 51 | വസ്തു നികുതി- അപാകതകൾ<br>Written By: SUJESH.S (Senior Grade Auditor, On 01-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-14 |
| 52 | സഞ്ചയ സ്റ്റേറ്റ്മെന്റിലെ വസ്തു നികുതി -ഫയലിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല. | 1-14-1 |

| | | |
|---|---|---|
| | Written By: SUJESH.S (Senior Grade Auditor, On 01-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | |
| 53 | സ്ഥല പരിശോധന നടത്തി ഫോറം 6 ൽ വിവരശേഖരണം നടത്തണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല<br>Written By: SUJESH.S (Senior Grade Auditor, On 01-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-14-2 |
| 54 | മിസ്സിംഗ് നമ്പരുകൾ കണ്ടെത്തി നികുതി നിർണയിക്കാൻ നടപടിയില്ല<br>Written By: SUJESH.S (Senior Grade Auditor, On 01-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-14-3 |
| 55 | ലൈസൻസ് നൽകൽ- നടപടികളിൽ വീഴ്ച<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-15 |
| 56 | എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വരുന്നില്ല<br>Written By: Lipu Lawrence (Auditor, On 04-03-2021)<br>Last Updated By: K Sreeja (Deputy Director, On 14-03-2021) | 1-15-1 |
| 57 | യന്ത്രസാമഗ്രികൾക്ക് ഫീസ് ചുമത്തുന്നില്ല - വരുമാനം നഷ്ടപ്പെടുന്നു<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: K Sreeja (Deputy Director, On 14-03-2021) | 1-15-2 |
| 58 | ലൈസൻസ് ഫീസ് നിർണയിക്കുന്നതിൽ അപാകം<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: K Sreeja (Deputy Director, On 14-03-2021) | 1-15-3 |
| 59 | വാടക - നടപടികളിൽ വീഴ്ച<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-16 |
| 60 | ഓഡിറ്റോറിയം, ഹാൾ വാടകസംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-16-1 |
| 61 | കട വാടകയുമായി ബന്ധപ്പെട്ട് ഫയൽ പരിപാലിച്ചിട്ടില്ല<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: K Sreeja (Deputy Director, On 14-03-2021) | 1-16-2 |
| 62 | നിലത്തിൽ ഡെവലപ്മെന്റ് പെർമിറ്റ് അനുവദിച്ചു<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-17 |
| 63 | തൊഴിൽ നികുതി- രേഖകളും രജിസ്റ്ററുകളുടെയും പരിപാലനം ക്രമപ്രകാരമല്ല<br>Written By: SUJESH.S (Senior Grade Auditor, On 01-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 06-03-2021) | 1-18 |
| 64 | തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ്, | 1-19 |

| | | |
|---|---|---|
| | പ്രൊഫഷണൽസ്, ട്രേഡേഴ്സ്- നികുതി നിർണയം സംബന്ധിച്ച് വ്യക്തതയില്ല<br>Written By: SUJESH.S (Senior Grade Auditor, On 01-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | |
| 65 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: SUJESH.S (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 16-03-2021) | 1-20 |
| 66 | ദുരിതാശ്വാസ നിധി - ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 01-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-21 |
| 67 | ദുരിതാശ്വാസ നിധി രൂപീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം ലഭ്യമാക്കിയില്ല<br>Written By: Manesh.B.H (Audit Officer, On 01-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-21-1 |
| 68 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകം<br>Written By: Manesh.B.H (Audit Officer, On 01-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-21-2 |
| 69 | വിവരങ്ങൾ പ്രസിദ്ധികരിച്ചിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 01-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-21-3 |
| 70 | കൃഷി ഓഫീസർ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു<br>Written By: Shalini V K (Senior Grade Auditor, On 04-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-22 |
| 71 | എസ്.എൽ.ബി.പി തുകയുടെ വിനിയോഗം ഉറപ്പു വരുത്തേണ്ടതാണ്<br>Written By: SUJESH.S (Senior Grade Auditor, On 26-02-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-23 |
| 72 | എ).ബി.സി പ്രോഗ്രാം - വ്യവസ്ഥകൾ പൂർണമായും പാലിക്കപ്പെടുന്നില്ല<br>Written By: SUJESH.S (Senior Grade Auditor, On 26-02-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-24 |
| 73 | പുളിന്താനം പാറപ്പൊറ്റ റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-25 |
| 74 | വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-25-1 |
| 75 | വിനിയോഗസാക്ഷ്യ പത്രം ലഭ്യമായില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-25-2 |
| 76 | തെരുവു വിളക്ക് പരിപാലനം -അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 03-03-2021) | 1-26 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 17-03-2021) | |
| 77 | സ്റ്റോക്ക്/ വിതരണ രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-26-1 |
| 78 | വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-26-2 |
| 79 | ഉപയോഗ ശൂന്യമായ സി.എഫ്.എൽ മാറ്റി എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-27 |
| 80 | വിവിധ സ്ഥാപനങ്ങളിലെ കുഴൽകിണർ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും അപപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 04-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-28 |
| 81 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 04-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-28-1 |
| 82 | പദ്ധതി രൂപീകരണം അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 04-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-28-2 |
| 83 | പാലിന് സബ്സിഡി പദ്ധതി - മാർഗ്ഗരേഖ പാലിക്കണം<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-29 |
| 84 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പാലിക്കുന്നില്ല<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-29-1 |
| 85 | മോണിറ്ററിംഗ് നടത്തുന്നില്ല<br>Written By: Lipu Lawrence (Auditor, On 05-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-29-2 |
| 86 | വാഹന പരിപാലനം / വാഹനം വാടയ്ക്കെടുക്കൽ -അപാകം<br>Written By: ANISHA . S.B (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-30 |
| 87 | വാഹനം വാടകയ്ക്കെടുക്കൽ -ഡി.സി.ബി രജിസ്റ്റർ പരിപാലിക്കുന്നില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-30-1 |
| 88 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ പരിപാലനം- രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ് | 1-30-2 |

| | | |
|---|---|---|
| | Written By: ANISHA . S.B (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | |
| 89 | പ്രോജക്ടുകൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം -രേഖപ്പെടുത്തലിൽ കൃത്യതയില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-31 |
| 90 | കൃത്യമായ സ്ഥലപരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു<br>Written By: Manesh.B.H (Audit Officer, On 06-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-32 |
| 91 | ബഡ്സ് സ്കൂൾ- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല<br>Written By: SUJESH.S (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-33 |
| 92 | പഞ്ചായത്ത് തല കായിക വികസനം- സർക്കാർ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചിട്ടില്ല<br>Written By: SUJESH.S (Senior Grade Auditor, On 01-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-34 |
| 93 | സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പൂർണമായും പാലിച്ചില്ല<br>Written By: SUJESH.S (Senior Grade Auditor, On 01-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-34-1 |
| 94 | വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: SUJESH.S (Senior Grade Auditor, On 01-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-34-2 |
| 95 | ആർദ്രം മിഷൻ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-35 |
| 96 | ലൈഫ് ഭവനപദ്ധതി(ജനറൽ) - ഭരണാനുമതിക്ക് മുൻപായി തുക ചെലവഴിച്ചു<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-36 |
| 97 | ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-37 |
| 98 | ഗുണഭോക്തൃലിസ്റ്റിൽ മുൻഗണനാക്രമം പാലിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-37-1 |
| 99 | മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-37-2 |
| 100 | | 1-38 |

| | | |
|---|---|---|
| | ജലശ്രീ- കിണർ റീചാർജ്ജിംഗ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2021) | |
| 101 | ആനുകൂല്യ വിതരണം<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-38-1 |
| 102 | സംയുക്ത പ്രോജക്ട് മാർഗ്ഗരേഖ പാലിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-38-2 |
| 103 | മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-38-3 |
| 104 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2021) | 1-39 |
| 105 | സംയുക്ത പ്രോജക്ട് മാർഗ്ഗനിർദ്ദേശം പാലിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-39-1 |
| 106 | കക്കൂസുകളുടെ മെയിന്റനൻസ്- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2021) | 1-40 |
| 107 | ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിലെ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 04-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-40-1 |
| 108 | സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 04-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-40-2 |
| 109 | ഭവനപുനരുദ്ധാരണം(എസ്.സി)-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-41 |
| 110 | ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകി<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-41-1 |
| 111 | മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-41-2 |
| 112 | ലൈഫ് ഭവനപദ്ധതി- ഗുണഭോക്താവിന്റെ അർഹത-തുടർനടപടിവിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Shalini V K (Senior Grade Auditor, On 04-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-42 |
| | | |

| | | |
|---|---|---|
| 113 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-അപാകതകൾ<br>Written By: ANISHA . S.B (Senior Grade Auditor, On 03-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2021) | 1-43 |
| 114 | ഫർണിച്ചറുകൾ വാങ്ങൽ-നൽകാവുന്നതിനെക്കാൾ അധികം തുക ജി.എസ്.റ്റി നൽകി<br>Written By: ANISHA . S.B (Senior Grade Auditor, On 03-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2021) | 1-43-1 |
| 115 | ഫർണിച്ചറിന്റെ ഗുണനിലവാരം ഉറപ്പാക്കിയില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 03-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2021) | 1-43-2 |
| 116 | പഞ്ചായത്ത് വാഹനത്തിന് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-44 |
| 117 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ ക്യാഷ്ബുക്ക് രേഖപ്പെടുത്തലുകൾ പൂർണമല്ല<br>Written By: ANISHA . S.B (Senior Grade Auditor, On 03-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2021) | 1-45 |
| 118 | പാലിയേററീവ്കെയർ -സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്<br>Written By: ANISHA . S.B (Senior Grade Auditor, On 05-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-45 |
| 119 | ഐ.സി.ഡി.എസ് സൂപ്പർവൈസർ പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 05-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2021) | 1-46 |
| 120 | മെഡിക്കൽ ഓഫീസർ - പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 05-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-47 |
| 121 | ഹോമിയോ മരുന്നുകൾ ലഭിക്കാൻ കാലതാമസം<br>Written By: ANISHA . S.B (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-48 |
| 122 | ആരോഗ്യരംഗത്തെ പദ്ധതികൾ - അപാകതകൾ<br>Written By: ANISHA . S.B (Senior Grade Auditor, On 24-02-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2021) | 1-49 |
| 123 | മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 25-02-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 1-49-1 |
| 124 | മോണിറ്ററിംഗ് ഫലപ്രദമല്ല<br>Written By: ANISHA . S.B (Senior Grade Auditor, On 25-02-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 1-49-2 |
| 125 | | 1-50 |

| | | |
|---|---|---|
| | പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ-പദ്ധതി നടപ്പിലായില്ല<br>Written By: Shalini V K (Senior Grade Auditor, On 01-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 03-03-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 17-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Zeena K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 03-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 07-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Zeena K (Senior Grade Auditor, On 03-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 07-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 07-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 07-03-2021)<br>Last Updated By: K Sreeja (Deputy Director, On 17-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

സ്ഥാപനത്തിലെ ബജറ്റ് 16.02.2019ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പുൾപ്പടെ 78,80,66,404/-രൂപ പ്രതീക്ഷിത വരവും 73,45,30,669/-രൂപ പ്രതീക്ഷിത ചെലവുമാണ് അംഗീകരിച്ചിരിക്കുന്നത്.

ബജറ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

## 1-1-1 ബജറ്റ് തയ്യാറാക്കൽ -നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (1) പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അതു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും , കൃഷി ഓഫീസർ ,ഹെഡ്മിസ്ട്രസ് എന്നിവരുടെയും ശുപാർശ ലഭിച്ചിട്ടില്ല.

2. ബജറ്റ് നിർദ്ദേശങ്ങൾ 10.01.2019 ന മുമ്പായി ഹാജരാക്കണമെന്ന നിർദ്ദേശം എല്ലാപേരും പാലിച്ചിട്ടില്ല.

| നിർവഹണോദ്യോഗസ്ഥർ | ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ച തീയതി |
|---|---|
| അസി.എഞ്ചിനീയർ | 23.01.2019 |
| എം.എൻ,ആർ.ഇ.ജി.എസ് | 11.02.2019 |
| മെഡിക്കൽ ഓഫീസർ | 11.01.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| വി.ഇ.ഒ | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | തീയതി രേഖപ്പെടുത്തിയിട്ടില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 51 നുള്ള മറുപടിയിൽ ഭാവിയിൽ എല്ലാപേരുടെയും ശുപാർശകൾ സമയബന്ധിതമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നു അറിയിച്ചിരിക്കുന്നു.

പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ച് നടപ്പിലാക്കാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-1-2 ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 214(5) , 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്.അടുത്ത വർഷത്തെ ബജറ്റിനോടൊപ്പം തന്നാണ്ടിൽ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവു ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത്

പുതുക്കിയ ബജറ്റായി കണക്കാക്കുവാൻ പാടില്ല. എന്നാൽ അത്തരത്തിൽ പുതുക്കിയ ബജറ്റോ അനുപൂരക ബജറ്റോ അംഗീകരിച്ചിട്ടില്ല.വിശദാംശങ്ങൾ താഴെ.

| Head Code -AFS | Item | Amount In AFS |
| --- | --- | --- |
| 250100201 | Agricultural And Related Sectors-Other Crops | 982875 |
| 250100301 | Agricultural Development Programs -General | 35000 |
| 250200101 | Soil And Water Conservation-General | 28800 |
| 251410201 | Other Nutrition Distribution Programs-General | 226218 |

ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 52 നു മറുപടി ലഭ്യമാക്കിയില്ല).

## 1-1-3 ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവു ചെയ്തു.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. എന്നാൽ അത്തരത്തിൽ പുതുക്കിയ ബജറ്റോ അനുപൂരക ബജറ്റോ അംഗീകരിച്ചിട്ടില്ല. എന്നാൽ അപ്രകാരം അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കാതെ തന്നെ ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് ചെയ്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| Head Code | Item | Budget Allocation | Amount In Revised Budget 2020-21 | Amount In AFS |
| --- | --- | --- | --- | --- |
| 250104001 | Animal Husbandry-Disease Control - General | 306500 | 315000 | 315000 |
| 251011501 | Literacy Equivalance Exam-General | 306000 | -- | 404250 |

ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 52 നു മറുപടി ലഭ്യമാക്കിയില്ല).

## 1-1-4 ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കുറഞ്ഞ ചെലവ്

ബജറ്റിൽ വകയിരുത്തിയതിനേക്കാൾ വളരെ കുറച്ച് ശതമാനം മാത്രം ചെലവ് ചെയ്തിരിക്കുന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| Head Code | Item | Budget Allocation | Amount In AFS |
| --- | --- | --- | --- |
| 250102501 | Agricultural And Related Sectors-Infrastructure-General | 200000 | 55000 |
| 250103101 | Animal Husbandry -Cow | 2860000 | 1363000 |

| | | | |
|---|---|---|---|
| 250103401 | Animal Husbandry-Calf | 1600000 | 437500 |
| 251100701 | Sports | 120000 | 81176 |
| 251300501 | Programs For Aged -General | 2530700 | 400000 |
| 251300601 | Programs For Physically /Mentaly Challenged | 3066600 | 1870100 |
| 251400101 | Development For Women & Children | 150000 | 101900 |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 52 ന മറുപടി ലഭ്യമാക്കിയില്ല.

ബജറ്റിൽ വകയിരുത്തപ്പെടുന്ന തുകക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച് പരമാവധി ചെലവഴിക്കുന്നതിന് ഭരണസമിതിയും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുംപ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-1-5 വരവിനങ്ങളുടെ ഡിമാന്റിനെക്കാളും തുക ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കി

യഥാർത്ഥ ഡിമാന്റിനെക്കാളും തുക ഉയർത്തിക്കാട്ടി ബജറ്റ് തുക തയ്യാറാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

| വരവിനം | മുൻ വർഷത്തെ ഡിമാന്റ് (I -2018-19) | ബജറ്റ് പ്രകാരം | തൻ വർഷത്തെ ഡിമാന്റ് (I-2019-20) |
|---|---|---|---|
| Tax Revenue | 88,94,239 (I-1 ) | 1,12,00,000 | 89,36,216 (I-1 ) |
| Rental Income From Panchayat Properties | 3,83,454 | 4,48,000 | 4,20,904 (I-3) |
| Sales & Hire Charges | 47,918 | 5,09,000 | 1,16,657 (I-5(B) |

യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 10.06.2020 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26656528 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93882254 |
| ആകെ | 120538782 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88068809 |
| നീക്കിയിരിപ്പ് | 32469973 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2014831 |
|---|---|

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16248310 | 16248310 | 16201849 | 46461 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10886059 | 10886059 | 7485710 | 3400349 | ആകെ ചെലവായ തുകയിൽ 150000/- രൂപ ട്രഷറിയിൽ ക്യൂ ബിൽ ആണ്. ഇത് തൻ വർഷത്തെ ചെലവിൽ ഉൾപ്പെട്ടിട്ടില്ല. ഇത് കൂടി ഉൾപ്പെട്ട തുകയാണ് നീക്കിയിരിപ്പ് തുക. |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 279294 | 279294 | 8000 | 271294 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 0 | 0 | 0 | 0 | * |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 16528074 | 16528074 | 9630620 | 6897454 | ആകെ ചെലവായ തുകയിൽ 2377733/- രൂപ ക്യൂ ബിൽ ആണ്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഇത് തൻ വർഷത്തെ ചെലവിൽ ഉൾപ്പെട്ടിട്ടില്ല. ഇത് കൂടി ഉൾപ്പെട്ട തുകയാണ് നീക്കിയിരിപ്പ് തുക. |
| ലോകബാങ്ക് സഹായം | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 10692000 | 10692000 | 9269369 | 1422631 | 3789937/- രൂപ ക്യൂബിൽ **ആണ്. ഇത് തൻ വർഷത്തെ ചെലവിൽ ഉൾപ്പെട്ടിട്ടില്ല. ഇത് കൂടി ഉൾപ്പെട്ട തുകയാണ് നീക്കിയിരിപ്പ് തുക. |
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 0 | 7308000 | 7308000 | 3367989 | 3940011 | |
| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്) | | | | | | |
| ജലനിധി | 323436 | 1632524 | 1955960 | 1894958 | 61002 | |
| ഭവനനിധി | 20000 | 29774572** | 29794572 | 23360000 | 6434572 | *** ലെഡ്ജർ പ്രകാരമുള്ള വരവ് |
| ഭവന നിധി(കേരള ഗ്രാമീൺ ബാങ്ക്) | 100959 | 251890 | 352849 | 0 | 352849 | ലെഡ്ജർ/ AFS പ്രകാരമുള്ള വരവ് |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ലൈബ്രറി ഗ്രാന്റ് | 19550 | 19550 | 39100 | 0 | 39100 | -Do- |
| ശുചിത്വ മിഷൻ | 940049 | 156000 | 1096049 | 96000 | 1000049 | -Do- |
| കേരളോത്സവം | 0 | 35000 | 35000 | 35000 | 0 | -Do- |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | |
| എൻ.ആർ.ഇ. ജി.എസ് | 1372 | 1618437 | 1619809 | 727442 | 892367 | -Do- |
| ഐ.സി.ഡി.സ് | 1481747 | 1376032 | 2857779 | 955088 | 1902691 | -Do- |
| മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ | - | - | - | - | - | - |

<u>കുറിപ്പ്</u>

*(CFC-Tied) ഗ്രാന്റിൽ നിന്നും യാതൊരു വരവും ചെലവും Grant Statement പ്രകാരം ലഭിച്ചിട്ടില്ല.

**ആകെ ഗ്രാന്റ് തുകയിൽ നിന്നും ക്യൂ ബിൽ കുറയ്ക്കാത്ത തുകയാണ് നീക്കിയിരിപ്പായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നത്.

*** വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് 29614572/- രൂപയാണ്. എന്നാൽ ലെഡ്ജർ പ്രകാരം 29774572/- വ്യത്യാസം 160000/-രൂപ.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 24,55,53,401 | 120 | 8,99,70,011 | 0 | 70 | 63 |

<u>പദ്ധതി രൂപീകരണത്തിൽ മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ അനിവാര്യം</u>

ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ മുതലായവക്ക് മുൻഗണന നൽകി പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സമഗ്ര വികസനം ലക്ഷ്യമാക്കി പദ്ധതി മാർഗരേഖയിൽ [സ.ഇ(കൈ) നമ്പർ

11/2018/തസ്വഭവ തീയതി 29.01.2018] ഉൾപ്പെടുത്തിയ പദ്ധതിരൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ പൂർണമായി പാലിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.വിശദാംശങ്ങൾ താഴെ ഉപഖണ്ഡികയിൽ.

## 1-5-1 വികസന സെമിനാർ

മുൻഗണനകളും വിഭവലഭ്യതയും പരിഗണിച്ചുകൊണ്ട് ഭരണസമിതി കരട് പദ്ധതി രേഖ തയ്യാറാക്കി വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടതാണെന്നും വികസന സെമിനാറിൽ വിവിധ വിഭാഗങ്ങളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കേണ്ടതാണെന്നും മാർഗരേഖ ഖണ്ഡിക 3.3ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2019-20സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 30.10.2018ൽ നടന്ന വികസന സെമിനാറിൽ പങ്കെടുത്ത 186 പേരുടെ ഹാജർ രേഖപ്പെടുത്തിയ രജിസ്റ്ററും പദ്ധതി രേഖയും മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. വികസന സെമിനാറിന്റെ റിപ്പോർട്ട്/ മിനിട്സ് ലഭ്യമാക്കിയില്ല. ആയതിനാൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുള്ള നടപടിക്രമങ്ങൾ നടന്നോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഹാജർ മാത്രമാണ് രേഖപ്പെടുത്തിയതെന്നും വരും വർഷങ്ങളിൽ മിനിട്സ് കൂടി രേഖപ്പെടുത്തി യഥാവിധി രജിസ്റ്റർ തയ്യാറാക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (എൻക്വയറി നമ്പർ 23/25.02.2021ന്റെ മറുപടി).

## 1-5-2 വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ

വിവിധ വർക്കിംഗ് ഗ്രൂപ്പുകളിൽ ഉയർന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് മുൻഗണനാക്രമവും അടിയന്തിര പ്രാധാന്യവും നൽകുന്നില്ല. 2019-20 പദ്ധതി രൂപീകരണത്തനുള്ള നിർദ്ദേശങ്ങൾ പ്രോജക്ടുകളായി രൂപപ്പെടാൻ കാലതാമസമുണ്ടാകുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | യോഗ തീയതി | നിർദ്ദേശം | പരിഹാരത്തിനായി സ്വീകരിച്ച നടപടികൾ (അവലംബം-എൻക്വയറി നമ്പർ 23/25.02.2021ന്റെ മറുപടി) |
|---|---|---|---|
| മൃഗസംരക്ഷണം -ക്ഷീരവികസനം | 08.10.2018 | എ)കാട്ടുമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. (അതീവ ഗുരുതര പ്രശ്നമായി 2019-20 സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)<br>ബി) തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കണം(തീറ്റപ്പുൽ ദൌർലഭ്യം ഗുരുതര പ്രശ്നമായി 2019-20 സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) | എ) കാട്ടുമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിന് സോളാർ വേലി സ്ഥാപിക്കുന്നതിനുള്ള 2021-22 സാമ്പത്തിക വർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br>ബി) തീറ്റപ്പുൽ കൃഷി വ്യാപനം അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ്. |
| കൃഷി-മണ്ണ്-ജലസംരക്ഷണം | 24.06.2019 | നെൽകൃഷി പരിപോഷിപ്പിക്കുന്നതിനുവേണ്ടി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഒരേ നിലം തന്നെ തുടർച്ചയായി നിലമൊരുക്കൽ നടത്തണം | അടുത്ത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. |
| പൊതുമരാമത്ത് | 08.10.2018 | കണക്ടിവിറ്റി മാപ്പ് തയ്യാറാക്കണം | പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| പ്രകൃതിസംരക്ഷണം | 08.10.2018 | എ)ദുരന്തനിവാരണ ടാസ്ക്ഫോഴ്സ് | എ)ടാസ്ക് ഫോഴ്സ് |

| | | | |
|---|---|---|---|
| | | വാർഡ് തലത്തിൽ രൂപീകരിക്കണം<br>ബി) നീന്തലറിയാത്ത എല്ലാപേർക്കും നീന്തൽ പരിശീലനം | രൂപീകരിച്ചിട്ടുണ്ട്.<br>ബി) 1മുതൽ 7 വരെ ക്ലാസുകളിലുള്ള സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നടത്തുന്നതിന് 2021-22 വർഷം പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| | 24.10.2018 | എ)പ്രകൃതി സംരക്ഷണത്തിനും പ്രകൃതിദുരന്തങ്ങളിലും പ്രവർത്തിക്കാൻ തയ്യാറുള്ള സേവന സന്നദ്ധരായ യുവജനങ്ങളുടെ കൂട്ടായ്മ രൂപീകരിക്കണം.<br>ബി) വെമ്പായം തോടിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ കമ്പിവേലി നിർമ്മിക്കുക. | എ)യുവജനങ്ങളുടെ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്.<br>ബി) 2021-22 പദ്ധതിയിൽ തോട് നവീകരണവും മാലിന്യ നിർമ്മാർജ്ജനവും നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| പ്രാദേശിക സാമ്പത്തിക വികസനം | 24.10.2018 | എ)പഞ്ചായത്തോഫീസിനു മുന്നിൽ വിപണന കേന്ദ്രം<br>ബി) വൃദ്ധർക്ക് പകൽ വീട് | എ) അടുത്ത പദ്ധതിയിൽ പരിഗണിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.<br>ബി) 2019 മുതൽ വയോ ക്ലബുകൾ ആരംഭിച്ചിട്ടുണ്ട്. |
| ദാരിദ്ര്യ ലഘൂകരണം | 24.10.2018 | പ്ലാസ്റ്റിക് നിർമ്മാർജനം - ബദൽ സംവിധാനം | പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായി എല്ലാ വാർഡുകളിലും മിനി HCF യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |

## 1-5-3 പദ്ധതി രൂപീകരണം മാർഗ്ഗരേഖകൾ പാലിച്ചിട്ടില്ല

പ്രോജക്ട് നമ്പർ – 87/20(ഭിന്നശേഷിക്കാരായകുട്ടികൾക്ക് സ്പീച്ച് ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി)

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടുള്ള അവസ്ഥാ വിശകലനത്തിൽ ഭിന്ന ശേഷി ഗ്രാമ സഭ വിളിച്ചുകൂട്ടി അവർക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പരാമർശിച്ചിട്ടുണ്ട്. എന്നാൽ 27.10.2018 ൽ 191 പേർ പങ്കെടുത്ത ഭിന്നശേഷി ഗ്രാമസഭയിൽ ഭിന്നശേഷിക്കാരായകുട്ടികൾക്ക് സ്പീച്ച് ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി പദ്ധതിയുടെ ആവശ്യകത ഉന്നയിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് തലത്തിലും പദ്ധതിയുടെ ആവശ്യകത ചർച്ച ചെയ്തിട്ടില്ല. 2019-20 ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 30.10.2018 ലെ മീറ്റിംഗിൽ ഈ പദ്ധതി ശുപാർശ ചെയ്തിട്ടില്ല. പദ്ധതി രൂപീകരണം നടത്തുമ്പോൾ സ.ഉ(കൈ) 11/2018/ ത.സ്വ.ഭ.വ തീയതി29.1.2018 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1372 | 1618437 | 1619809 | 727442 | 892367 |
| ഗുണഭോക്താക്കൾക്ക നേരിട്ട് നൽകുന്നത് | 0 | 31600000 | 31600000 | 31600000 | 0 |
| ആകെ | 1372 | 33218437 | 33219809 | 32327442 | 892367 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5806810 | 294 |
| കർഷകതൊഴിലാളി പെൻഷൻ | 2829600 | 358 |
| വിധവ പെൻഷൻ | 14961600 | 2043 |
| വാർദ്ധക്യകാല പെൻഷൻ | 327110500 | 4121 |
| വികലാംഗ പെൻഷൻ | 3860900 | 491 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 301200 | 38 |

DBT സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപനം ലഭ്യമാക്കിയ മേൽ കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ഖണ്ഡിക 1-11-8ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 ക്യാഷ് പരിശോധന

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2021, 3.30 PMന് സ്ഥാപന മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 2,06,051 (രണ്ട് ലക്ഷത്തി ആറായിരത്തി അൻപത്തിയൊന്ന്) രൂപയുടെ ക്യാഷ് ബാലൻസ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 പൊതുഭരണവും ആഭ്യന്തര നിയന്ത്രണവും

പൊതുഭരണം

ഓഫീസ് മാനേജ്മെന്റ്, റെക്കോർഡ് സൂക്ഷിപ്പ്, പ്രവർത്തനങ്ങളുടെ സുതാര്യത എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-9-1 പൗരാവകാശ രേഖ പുതുക്കിയിട്ടില്ല

[2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ]

2018-19 വർഷം പ്രസിദ്ധീകരിച്ച പൌരാവകാശ രേഖ പുതുക്കിയിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ പുതിയ ഭരണസമിതി സംബന്ധിച്ച വിവരങ്ങൾകൂടി ഉൾപ്പെടുത്തി കാലികമാക്കി പ്രസിദ്ധീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നുവെന്നാണ് വിശദീകരണം(എൻക്വയറി നമ്പർ 23/25.02.2021ന്റെ മറുപടി).

### 1-9-2 ISO സർട്ടിഫിക്കേഷൻ

ഗ്രാമപഞ്ചായത്തിന് 09.06.2017ന് ലഭ്യമായ ISOസർട്ടിഫിക്കേഷൻ (സർട്ടിഫിക്കറ്റ് നമ്പർ TQS/Q-258) കാലാവധി 08.06.2020വരെയുള്ളതാണ്. സർട്ടിഫിക്കേഷൻ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. (എൻക്വയറി നമ്പർ 23/25.02.2021ന്റെ മറുപടിയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടില്ല).

## 1-9-3 ആസ്തിരജിസ്റ്റർ അപൂർണം

ലഭ്യമാക്കിയ ആസ്തിരജിസ്റ്ററിൽ റോഡിതര ആസ്തികൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-9-4 ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല

ഗ്രാമപ്പഞ്ചായത്തിന്റെ 2019 – 20 വർഷത്തെ വാർഷികധനകാര്യപത്രികയിലെ ബി 11 പട്ടികയിൽ ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഡിപ്രീസിയേഷന് ആധാരമായ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വിസിഷന് (നമ്പർ 1) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഡിപ്രീസിയേഷൻ ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

## 1-9-5 ആസ്തി സംരക്ഷണ പദ്ധതി - സർക്കാർ നിർദ്ദേശം പാലിച്ചെന്ന് ഉറപ്പുവരുത്താനായില്ല

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിതിന്റെ വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/ 01.03.2021) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-9-6 വിവരാവകാശ രജിസ്റ്റർ - കാലികമാക്കേണ്ടതാണ്

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം 562 രൂപ വിവരാവകാശ നിയമത്തിന്റെ ഫീസിനത്തിൽ വരവുണ്ട്. എന്നാൽ തുകയുടെ ആധികാരികത, വിവരാവകാശ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. 19 കോളങ്ങളുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള വിവരാവകാശ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. വിവരാവകാശ രജിസ്റ്ററിൽ സെക്രട്ടറി കൃത്യമായ ഇടവേളകളിൽ മേൽ പരിശോധന നടത്തുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/24-02-2021) വരും വർഷങ്ങളിൽ വിവരാവകാശ രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. വിവരാവകാശ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും സദ്ഭരണം വർക്കിംഗ് ഗ്രൂപ്പ് ഇതിന്റെ മേൽ പരിശോധന നടത്തേണ്ടതുമാണ്.

## 1-9-7 പ്രൊക്വയർമെന്റ് മാർഗ്ഗരേഖ- പാലനം സംബന്ധിച്ച്

സ.ഉ(പി)നം. 259/2010/ത.സ്വ.ഭ. വ തീയതി 8.11.2010,2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1എന്നിവ പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എന്നാൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ അപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി കാണുന്നില്ല.

മേൽ ഉത്തരവ് 1 ഖണ്ഡിക 4എയിൽ പരാമർശിച്ചിട്ടുള്ള വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 55 ന് പ്രൊക്വയർമെന്റ് മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾപാലിച്ച് വാങ്ങലുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-9-8 സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സെക്രട്ടറിയുടെ പ്രാതിനിധ്യം -രേഖപ്പെടുത്തൽ ഇല്ല

കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ , ചട്ടം 11 പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നടപടിക്രമങ്ങൾ രേഖപ്പെടുത്താൻ ഒരു മിനിട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും കമ്മിറ്റിയുടെ തീരുമാനങ്ങൾ സെക്രട്ടറിയോ സെക്രട്ടറിയുടെ നിർദ്ദേശത്തിൻമേൽ 179-ാംവകുപ്പ് 11-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എക്സ് ഒഫീഷ്യോ സെക്രട്ടറിയോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് ബുക്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അറ്റൻഡൻസ് രജിസ്റ്ററിലും മെമ്പർമാരല്ലാതെ സെക്രട്ടറിയോ, എക്സ് ഒഫിഷ്യോ സെക്രട്ടറിയോ ഹാജർരേഖപ്പെടുത്തിയതായി കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് ബുക്കിൽ യഥാസമയം കമ്മിറ്റിയുടെ നടപടിക്രമങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ മിനിട്സ് ബുക്കിലും സ്റ്റാന്റിംഗ് കമ്മിറ്റി അറ്റൻഡൻസ് രജിസ്റ്ററിലും സെക്രട്ടറിയോ ചുമതല വഹിക്കുന്നവരോ ഒപ്പ് രേഖപ്പെടുത്തി കാണുന്നില്ലായെന്നും ആയത് മനപൂർവ്വമല്ലാത്ത വീഴ്ചയായി പരിഗണിക്കണമെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 54ന്റെ മറുപടി) . പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-9-9 ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകൾ- നടപടികൾ സ്വീകരിച്ചിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ് പരിസ്ഥിതി ആരോഗ്യരക്ഷകമാക്കി സംരക്ഷിക്കുക എന്നത്. ലഭ്യമാക്കിയ ദുരന്തനിവാരണ ആസൂത്രണരേഖ ഖണ്ഡിക 1.2 പ്രകാരം മണ്ണൊലിപ്പ് സാധ്യതയും ഖണ്ഡിക 2.5 പ്രകാരം മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങൾ പഞ്ചായത്തിൽ ഉൾപ്പെടുന്നുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വന്യജീവി ആക്രമണം പഞ്ചായത്ത് മുഴുവനും അതീവ ഗുരുതര പ്രശ്നമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 ന് ദുരന്ത നിവാരണ ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ടെന്നും മേൽ വിവരം ദുരന്ത നിവാരണ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ദുരന്ത നിവാരണ ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വന്യജീവി ആക്രമണം പഞ്ചായത്ത് മുഴുവനും ആതീവ ഗുരുതര പ്രശ്നമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി മറുപടിയിലോ ലഭ്യമാക്കിയ രേഖകളിൽ നിന്നോ വ്യക്തമല്ല. സ. ഉ (കൈ) ന.11/2018/ത.സ്വ.ഭ. വ തീയതി 29.01.2018 പ്രകാരം തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കുന്ന സ്റ്റാറ്റസ് രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ആതീവ ഗുരുതര പ്രശ്നമായി രേഖപ്പെടുത്തിയിട്ടുള്ള വിഷയത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ്, എ.ജി.ഓഡിറ്റ് എന്നിവയുടെ തുടർനടപടികളുടെ വിവരം രേഖപ്പെടുത്തുന്ന ഓഡിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ, ഗ്രാമപഞ്ചായത്തിന്റെ 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വ്യക്തമായ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11 വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

## 1-11-1 ലോൺ രജിസ്റ്റർ -അപാകത

1) 2018-19 ലെ B 5 ഷെഡ്യൂൾ പ്രകാരം Hudco Loan 41705935/-രൂപ നീക്കിയിരിപ്പുണ്ട്. 2019-20 ൽ 25200000/-രൂപ (RP 32) പ്രകാരം വരവ് വന്നിട്ടുണ്ട്. ഈ ഇനത്തിൽ ചെലവുകളൊന്നും രേഖപ്പെടുത്തിയിട്ടുമില്ല. 2019-20 ലെ B 5 പ്രകാരം 66905935/-രൂപയാണ് നീക്കിയിരിപ്പ് വരേണ്ടത് . എന്നാൽ 2019-20 ലെ B-5 ഷെഡ്യൂൾ പ്രകാരം 61905935/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 50,00,000/-രൂപയുടെ വ്യത്യാസമുണ്ട്

ലോൺ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എൻക്വയറി 1 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-11-2 വാർഷിക ധനകാര്യ പത്രികയിലെ തുകയും രജിസ്റ്ററിലെ തുകയും പൊരുത്തപ്പെടുന്നില്ല

2019-20 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ 1750/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം 1050/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.വ്യത്യാസം വിശദീകരിച്ചിട്ടില്ല.

## 1-11-3 Stale Cheque വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

B-9 ഷെഡ്യൂൾ പ്രകാരം Liability In Respect Of Stale Cheque ഇനത്തിൽ 40506/- രൂപ അവശേഷിക്കുന്നു. ആയതു വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-11-4 ഗ്രാന്റ് വിഹിതം

ഗ്രാന്റിനത്തിൽ RP 7 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന രീതിയിൽ തുക ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ I – 6 പ്രകാരം Revenue Expenditure നവേണ്ടിതാഴെ പറയുന്ന തുക ഉൾപ്പെടുത്തിയിരിക്കുന്നു.വ്യത്യാസം വിശദീകരിച്ചിട്ടില്ല.

| ഗ്രാന്റിനം | RP 7 ലെ തുക | I-6 ലെ തുക |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 16201849 | 21573403 |
| എസ്.സി.പി | 7335710 | 7752762 |
| റ്റി.എസ്.പി | 8000 | 22706 |

## 1-11-5 ലൈബ്രറി സെസ്സ്

B-9 ഷെഡ്യൂൾ പ്രകാരം 563455.55 രൂപ ലൈബ്രറി സെസ്സിനത്തിൽ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ലൈബ്രറി കൗൺസിലിൽ അടവാക്കാതെ ബാദ്ധ്യതയായി പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നതാണ്. തുക ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്.

## 1-11-6 ചെലവഴിക്കാത്ത തുകകൾ തിരികെ ഒടുക്കിയില്ല

2018-19 വാർഷിക ധനകാര്യപത്രിക B4 ഷെഡ്യൂൾ പ്രകാരമുള്ള ചുവടെ ചേർക്കുന്ന നീക്കിയിരിപ്പുകൾ ഈ സാമ്പത്തിക വർഷത്തിലും അവശേഷിക്കുന്നു.

| | | |
|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് വിഹിതം | 479764 |
| 2 | ബ്ലോക്ക് വിഹിതം | 1039418 |
| | | |

| | | |
|---|---|---|
| 3 | Literacy Scheme Grant | 34215 |

ജി.ഒ(പി) നം 7/2017 തീയതി 23.01.2017 ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി ചെലവഴിക്കാത്ത തുകകൾ തിരികെ അവ അനുവദിച്ച തദ്ദേശസ്ഥാപനത്തിൽ ഒടുക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

## 1-11-7 സംയുക്ത പ്രോജക്റ്റ് -ജില്ലാ പഞ്ചായത്ത്-ഹെഡ് മാറി ചെലവ് ചെയ്തു

| 2018-19 ലെ B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 2019-20 RP7/31 പ്രകാരമുള്ള വരവ് | ആകെ | സുലേഖ പ്രകാരമുള്ള ചെലവ് | ബാക്കി | 2019-20 ലെ B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 479764 | 1715600 | 2195364 | 1710800 | 484564 | 479764 |

2019-20 ലെ B4 പ്രകാരമുള്ള നീക്കിയിരിപ്പും സുലേഖ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ 4800/- രൂപയുടെ വ്യത്യാസമുണ്ട്. സാംഖ്യയിൽ പേയ്മെന്റ് ഹെഡിൽ ചെലവ് കാണിക്കുന്നതിനു പകരം വരവ് ഹെഡിൽ തന്നെ ചെലവ് നടത്തിയതിനാലാണ് മേൽ വ്യത്യാസം വന്നിരിക്കുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 22 ന്റെ മറുപടി).

## 1-11-8 ക്ഷേമ പദ്ധതികൾ – വിതരണത്തിന്റെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

DBT സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (DBT സ്റ്റേറ്റ്മെന്റ് പ്രകാരം) | വാർഷിക ധനകാര്യ പത്രിക [I-14(D) ഷെഡ്യൂൾ പ്രകാരം] ചെലവ് |
|---|---|---|
| തൊഴിൽ രഹിത വേതനം | 580680 | 580680 |
| കർഷകതൊഴിലാളി പെൻഷൻ | 2829600 | 2043600 |
| വിധവ പെൻഷൻ | 14961600 | 11257200 |
| വാർദ്ധക്യകാല പെൻഷൻ | 327110500 | 23444400 |
| വികലാംഗ പെൻഷൻ | 3860900 | 2757900 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 301200 | 219600 |

## 1-11-9 വാർഷിക ധനകാര്യപത്രിക, ACR എന്നിവ പൊരുത്തപ്പെടുന്നില്ല

2019-20 വാർഷിക ധനകാര്യപത്രിക, ACR എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | AFS ലെ തുക | ACR ലെ തുക |
|---|---|---|
| CFC | 7252887 | 9630620 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| Maintenance Fund -Road | 5479432 | 9269369 |
| Develoment Fund (SCP) | 7335710 | 7485710 |

മേൽ അപാകതക്ക് വിശദീകരണം നൽകിയിട്ടില്ല.

## 1-11-10 ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പൊരുത്തപ്പെടുന്നില്ല

2019-20 സാമ്പത്തിക വർഷത്തെ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ഫണ്ട് | ACRപ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 16201849 | 87642363 | -71440514 |
| വികസന ഫണ്ട് (എസ്.സി.പി) | 7485710 | 76461167 | -68975457 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 8000 | 308706 | -300706 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 9630620 | 16528074 | -6897454 |
| മെ.ഫണ്ട്(റോഡ്) | 9269369 | 12794885 | -3525516 |
| മെ.ഫണ്ട്(റോഡിതരം) | 3367989 | 10092000 | -6724011 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2994469* | 4804024 | 25190445 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 210550** | 1106952254 | -1106741704 |

കുറിപ്പ്

*ICDS,NREGS എന്നിയുടെ AFS പ്രകാരമുള്ള വരവ് തുക

**Library Grant, Keralolsavam,Suchithwa Mission എന്നിയുടെ AFS പ്രകാരമുള്ള വരവ് തുക

## 1-11-11 റേഷ്യോസ് ചേർത്തിട്ടില്ല

എ.എഫ്.എസ്.ൽ ചേർക്കേണ്ട റേഷ്യോസ് ഗ്രാമപ്പഞ്ചായത്ത് 2019-2020 ലെ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

## 1-12 ഗ്രാന്റ് വിനിയോഗം-മേഖല വകയിരുത്തലുകൾ മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല

ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിനു വേണ്ടി 29.01.2018 ലെ പദ്ധതി മാർഗ്ഗരേഖ രേഖ സ.ഉ (കൈ)11/2018 / തസ്വഭവ 5.4.1 പ്രകാരം പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങൾ വിഭജിച്ച് ഉല്പാദനം, സേവനം, പശ്ചാത്തലം മുതലായ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തണമെന്നിരിക്കെ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

## 1-12-1 ഗ്രാന്റ് വിനിയോഗം-വനിതാഘടക പദ്ധതിയിക്ക് വകയിരുത്തലിൽ കുറവ്

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 5.4.1(8) പ്രകാരം വികസന ഫണ്ടിലെ

സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതാഘടക പദ്ധതിയിക്ക് വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ വികസനഫണ്ടുപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയപ്പോൾ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| വാഴകൃഷി വികസനം | 935550 | 588950 |
| ജൈവഗ്രാമം ഗ്രോബാഗ് | 420000 | 225000 |
| വനിതകൾക്ക് കറവ പശു വിതരണം | 1155000 | 1045000 |
| സ്ത്രീ രോഗ ക്ലിനിക്ക് | 200000 | 200000 |
| കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ | 210000 | 75000 |
| വനിതകൾക്ക് കരാട്ടേ പരിശീലനം | 200000 | 0 |
| ജാഗ്രത സമിതി | 76900 | 26900 |
| ജൈവപച്ചക്കറി കൃഷി (വ്യക്തിഗതം) വനിതകൾ | 555500 | 0 |
| ആകെ | 3752950 | 2160850 |
| ശതമാനം | 8.16% (വികസന ഫണ്ട് അടങ്കൽ 45937136/-) | |

## 1-12-2 ഗ്രാന്റ് വിനിയോഗം-കുട്ടികൾ,ഭിന്നശേഷിക്കാർ എന്നിവർക്കുള്ള വകയിരുത്തലിൽ കുറവ്

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 5.4.1(11) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5% കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിനു വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| ഭിന്നശേഷിക്കാരുടെ കലാകായിക മത്സരങ്ങൾ | 75000 | 75000 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 342300 | 312100 |
| വീൽ ചെയർ | 100000 | 0 |
| ഹിയറിംഗ് ഉപകരണം | 50000 | 0 |
| സ്പീച്ച് ബിഹേവറിയൽ തെറാപ്പി | 100000 | 63900 |
| ശിശു സൗഹാർദ്ദ പഞ്ചായത്ത് പ്രവർത്തനങ്ങൾ | 150000 | 0 |
| ബഡ്സ് സ്കൂൾ ഗുണഭോക്താക്കൾക്ക് പോഷകാഹാരം | 100000 | 83099 |
| എൽ.പി./യു.പി കുട്ടികൾക്ക് പ്രഭാതഭക്ഷണം(എസ്.സി) | 500000 | 500000 |
| എൽ.പി./യു.പി കുട്ടികൾക്ക് | 30250 | 30250 |

| | | |
|---|---|---|
| പ്രഭാതഭക്ഷണം(എസ്.സി)(SC) | | |
| എൽ.പി./യൂ.പി കുട്ടികൾക്ക് പ്രഭാതഭക്ഷണം | 106223 | 3744 |
| ഭിന്നശേഷിക്കാർക്ക് പെട്ടിക്കട | 420000 | 0 |
| ഹെൽപ്പർക്ക് ഹോണറേറിയം | 40425 | 40425 |
| ആകെ | 2014198 | 1108518 |
| ശതമാനം | 4.38% (വികസന ഫണ്ട് അടങ്കൽ 45937136/-) | |

## 1-12-3 ഉല്പാദന മേഖലയ്ക്ക് വകയിരുത്തൽ കുറവ്

ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിനു വേണ്ടി 29.01.2018ലെ പദ്ധതി മാർഗ്ഗരേഖ രേഖ സ.ഉ (കൈ)11/2018 / തസ്വഭവ 5.4.1 (3)പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 ശതമാനമെങ്കിലും ഉല്പാദനമേഖലയ്ക്ക് വകയിരുത്തണമെന്നിരിക്കെ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല.21.74% രൂപ മാത്രമാണ് ഈ ഇനത്തിൽ വകയിരിത്തിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

സാംഖ്യ ചെലവ് പത്രിക പ്രകാരം

| | |
|---|---|
| അടങ്കൽ | 31177263 |
| ചെലവ് | 21573403 |

ഉല്പാദന മേഖല

| നിർവഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് |
|---|---|---|
| കൃഷി ഓഫീസർ | 3003250 | 1342378 |
| വെറ്റിനറി സർജൻ | 2295000 | 1822500 |
| വി.ഇ,ഒ | 600000 | 28800 |
| ഡയറി ഫാം ഇൻസ്പെക്ടർ | 880000 | 519814 |
| ആകെ | 6778250 | 3713492 |
| ശതമാനം | 21.74% | 17.21% |

## 1-12-4 വികസന ഫണ്ട് റ്റി.എസ്.പി പാശ്ചാത്തല മേഖലയിൽ വകയിരുത്തലുകൾ ഇല്ല

വികസന ഫണ്ട് റ്റി.എസ്.പി പാശ്ചാത്തല മേഖലയിൽ വകയിരുത്തലുകൾ ഇല്ല

## 1-12-5 അങ്കണവാടി പോഷകാഹാര വിതരണം-വകയിരുത്തലുകൾ അപൂർണം

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ(കൈ) നം 11/2018/തസ്വഭവ തീയതി 29.01.2018] 5.2.1(1) പ്രകാരം അങ്കണവാടികളിലെ പോഷകാഹാര വിതരണത്തിനായി

ഗ്രാമപഞ്ചായത്തുകളാണ് തുക വകയിരുത്തേണ്ടത്. ഗ്രാമപഞ്ചായത്തിൽ വിവിധ പദ്ധതികൾക്കായുള്ള വകയിരുത്തലുകൾ പരിശോധിച്ചതിൽ അതിൽ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിക്കാമെന്നിരിക്കെ അത്തരത്തിൽ തുക വകയിരുത്തിയിട്ടില്ല.

## 1-12-6 അഗതി രഹിത കേരളം(ആശ്രയ) -വകയിരുത്തൽ അപൂർണം

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിതകേരളം പദ്ധതിക്കായി ആകെ അടങ്കൽ തുകയുടെ 40% കുടുംബശ്രീ, 35%ഗ്രാമപഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത്, 10% ജില്ലാ പഞ്ചായത്ത് എന്ന ക്രമത്തിൽ വകയിരുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ സംയോജിത വിഹിതം ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | | വികസന ഫണ്ട് (ജനറൽ) | തനതുഫണ്ട് |
|---|---|---|---|
| ആശ്രയ ഭവന പുനരുദ്ധാരണം (പ്രോജക്ട് നം 184/19-20)(SO) | അടങ്കൽ | 650000 | 50000 |
| | ചെലവ് | 350000 | 50000 |
| അഗതി രഹിത കേരളം-ഭവന പുനരുദ്ധാരണം (പ്രോജക്ട് നം. 101/19-20) | അടങ്കൽ | 250000 | 750000 |
| | ചെലവ് | 0 | 150000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28 നുള്ള മറുപടിയിൽ ബ്ലോക്ക്- പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തിയിട്ടില്ലായെന്നും നിർബന്ധിത പ്രോജക്ടായതിനാൽ പഞ്ചായത്ത് വിഹിതം മാത്രം ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയെന്നും അറിയിച്ചിരിക്കുന്നു.

ഭാവിയിൽ പദ്ധതി മാർഗരേഖ നിർദ്ദേശിക്കുന്ന തരത്തിൽ വിഹിതങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

## 1-13 2018-19ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികൾ

2018-19 ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്ഥാപനം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു

## 1-13-1 കൃഷി ഓഫീസർ രേഖകൾ ലഭ്യമാക്കിയില്ല

2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-1.21

ഖണ്ഡികയുമായി ബന്ധപ്പെട്ട് കൃഷി ഓഫീസറുടെ ഫയലുകൾ ഓഡിറ്റ് എൻക്വയറി 19 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

## 1-13-2 റിപ്പോർട്ട് ഖണ്ഡിക 1-19 -പണം ഒടുക്കിയ രസീതുകൾ ഹാജരാക്കി

2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-19 മേലുള്ള പുനരഭിപ്രായകുറിപ്പിലെ നിർദ്ദേശപ്രകാരം രസീതുകൾ ഹാജരാക്കിയിട്ടുണ്ട്.

## 1-13-3 റിപ്പോർട്ട് ഖണ്ഡിക 1-31

2018-19 ഓഡിറ്റ് റിപ്പോർട്ട് പുനരഭിപ്രായ കുറിപ്പിലെ നിർദ്ദേശ പ്രകാരം മെഡിക്കൽ ഓഫീസർ ലഭിച്ച മരുന്നുകളുടെ ബില്ലുകൾ ലഭ്യമാക്കിയിട്ടുണ്ട്. ബില്ലുകൾ പരിശോധിച്ചിട്ടുണ്ട്. സ്റ്റോക്ക് പരിശോധന നടത്തിയിട്ടില്ല.

## 1-14 വസ്തു നികുതി- അപാകതകൾ

വസ്തു നികുതി നിർണയം സംബന്ധിച്ച സർക്കാർ ഉത്തരവ് നമ്പർ സ.ഉ (അ)നമ്പർ 20/2011/തസ്വഭവ തീയതി 14-01-2011 ലെ നിർദ്ദേശങ്ങൾ പൂർണമായും പാലിക്കുന്നില്ല.

## 1-14-1 സഞ്ചയ സ്റ്റേറ്റ്മെന്റിലെ വസ്തു നികുതി - ഫയലിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | ഫോറം രണ്ടിലെ രേഖപ്പെടുത്തലുകൾ പ്രകാരം നിർണ്ണയിക്കേണ്ട നികുതി | | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം നിർണ്ണയിച്ചിരിക്കുന്ന നികുതി | |
|---|---|---|---|---|---|
| XXI/458 B | 108.13 | 108.13X 4 | 433 | വസ്തു നികുതി | 520 |
| | | (-)ഇളവ്/വർദ്ധനവ് | 0 | | |
| | | വസ്തു നികുതി | 433 | ലൈബ്രറി സെസ് | 26 |
| | | ലൈബ്രറി സെസ് (4%) | 22 | | |
| | | ആകെ | 455 | ആകെ | 546 |
| XV/46A | 183.08 | 183.08 X 4 | 733 | വസ്തു നികുതി | 660 |
| | | ഇളവ്/വർദ്ധനവ് | 0 | | |
| | | വസ്തു നികുതി | 733 | | |
| | | ലൈബ്രറി സെസ് (4%) | 29 | ലൈബ്രറി സെസ് | 28 |
| | | സേവന നികുതി (3%) | 22 | സേവന നികുതി | 40 |
| | | ആകെ | 784 | ആകെ | 728 |
| II/559 A | 192.5 | വസ്തു നികുതി 192.5 X 4 | 770 | വസ്തു നികുതി | 847 |
| | | ഇളവ്/വർദ്ധനവ് (10%) | 77 (-) | | |
| | | വസ്തു നികുതി | 693 | | |
| | | ലൈബ്രറി സെസ് | 28 | ലൈബ്രറി സെസ് | 43 |
| | | ആകെ | 721 | ആകെ | 890 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/26-02-2011) അപേക്ഷകൻ ഹാജരാക്കുന്ന ഫോറം നമ്പർ 2 ൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളോടൊപ്പം തന്നെ കെട്ടിടത്തിന്റെ വിശദാംശങ്ങൾ സംബന്ധിച്ച എല്ലാ ഘടകങ്ങളും അടിസ്ഥാനത്തിലാണ് സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി വസ്തു നികുതി നിർണ്ണയം നടത്തുന്നതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകളൊന്നും ഫയൽ പരിശോധയിൽ കണ്ടെത്താൻ സാധിച്ചില്ല. ഇക്കാരണത്താൽ പ്രസ്തുത മറുപടി പരിഗണനാർഹമല്ല. വരും വർഷങ്ങളിൽ സ.ഉ (അ)നമ്പർ 20/2011/തസ്വഭവ തീയതി 14-01-2011 നിഷ്കർഷിക്കും പ്രകാരം

കെട്ടിടത്തിന്റെ വിശദാംശങ്ങൾ പൂർണ്ണമായും ശേഖരിച്ച ശേഷം മാത്രം വസ്തു നികുതി നിർണ്ണയം നടത്തേണ്ടതാണ്.

## 1-14-2 സ്ഥല പരിശോധന നടത്തി ഫോറം 6 ൽ വിവരശേഖരണം നടത്തണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല

സ.ഉ (അ)നമ്പർ 20/2011/തസ്വഭവ തീയതി 14-01-2011 ലെ ഖണ്ഡിക 12 ൽ കെട്ടിടത്തിന്റെ വാർഷിക നികുതി കെട്ടിട ഉടമ സ്വയം നിർണയിച്ചിരിക്കുന്ന സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്ത് പോയി ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ അന്തിമ നികുതി നിർണയം നടത്താൻ പാടുള്ളൂ. ഇതിലേക്കായി വിവരശേഖരണത്തിന് ഫോറം 6 ഉപയോഗിക്കേണ്ടതാണ്.

എന്നാൽ 2019-20 വർഷത്തെ നമ്പറിംഗ് ഫയലുകൾ പരിശോധിച്ചതിൽ ഫോറം 6 പ്രകാരം വിവര ശേഖരണം നടത്തുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

<u>ഫയൽ നമ്പർ എ9/699/19</u>

ശ്രീ.സുലൈമാൻ ഹാജി എന്ന വ്യക്തിക്ക് 357.68 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 05-06-2014 ൽ A4/333/2014 നമ്പരായി പെർമിറ്റ് നൽകുകയും തുടർന്ന് പെർമിറ്റ് 3 വർഷത്തേക്ക് പുതുക്കി നൽകുകയും ചെയ്തു. 30-01-2019 ലെ ടിയാന്റെ അപേക്ഷയിന്മേൽ നിലവിൽ പൂർത്തിയായ 3 കടമുറികൾക്ക് നമ്പർ അനുവദിച്ച് നൽകി.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം നിർണ്ണയിച്ചിരിക്കുന്ന നികുതി | |
|---|---|---|---|
| XV/3 A | 19.74 ചതുരശ്ര മീറ്റർ | വസ്തു നികുതി | 1244 |
| | | ലൈബ്രറി സെസ് | 63 |
| | | ആകെ | 1307 |
| XV/3 B | 7.68 ച.മീറ്റർ | വസ്തു നികുതി | 484 |
| | | ലൈബ്രറി സെസ് | 25 |
| | | ആകെ | 509 |
| XV/3 C | 22.08 ചമീറ്റർ | വസ്തു നികുതി | 1392 |
| | | ലൈബ്രറി സെസ് | 70 |
| | | ആകെ | 1462 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/26-02-2021) ഫോറം 6 ൽ വിവരശേഖരണം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. വസ്തു നികുതി നിർണ്ണയം സംബന്ധിച്ച പ്രസ്തുത നടപടിക്രമം പാലിക്കാതിരുന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷകളിന്മേൽ

സ്ഥലപരിശോധന നടത്തി വിവരം ഫോറം 6 ൽ ശേഖരിച്ച ശേഷം മാത്രം നികുതി നിർണ്ണയം നടത്തേണ്ടതാണ്.

## 1-14-3 മിസ്സിംഗ് നമ്പരുകൾ കണ്ടെത്തി നികുതി നിർണയിക്കാൻ നടപടിയില്ല

2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-14 (ഇ) പ്രകാരം അസസ്സ്മെന്റ് രജിസ്റ്റർ, ഡെമോളിഷ്ഡ് രജിസ്റ്റർ എന്നിവയിൽ ഉൾപ്പെടാത്ത വിവിധ വാർഡുകളിലെ കെട്ടിട നമ്പരുകൾ മിസ്സിംഗ് ആയത് സംബന്ധിച്ച പരാമർശത്തിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/26.02.2021) വിശദീകരണം ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടങ്ങളുടെ വിശദാംശം അടിയന്തിരമായി ശേഖരിച്ച് നികുതി നിർണയം ഉൾപ്പെടെയുള്ള നടപടിക്രമം അനുവർത്തിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് നൽകൽ- നടപടികളിൽ വീഴ്ച

1996 ലെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories, Trades,Entrepreneurship Activities And Other Services) ചട്ടങ്ങൾ പ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-15-1 എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വരുന്നില്ല

ഗ്രാമപ്പഞ്ചായത്തിന്റെ 2019 -20 ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 1246 സ്ഥാപനങ്ങൾ പഞ്ചായത്തുപരിധിയിൽ ഉണ്ടായിരുന്നുവെങ്കിലും 1996 ലെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories,Trades,Entrepreneurship Activities And Other Services) ചട്ടം പ്രകാരമുള്ള ലൈസൻസ് 514 സ്ഥാപനങ്ങൾക്ക് മത്രമേ നല്കിയിട്ടുള്ളൂ. ഇത്രയധികം സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കാൻ അനുവദിച്ചതിന്റെ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/26.02.2021 ന് മറുപടിയായി കോവിഡ്കാരണം തുടർനടപടികൾ മുടങ്ങിപ്പോയെന്നും 2019 -20 ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019 – 20 സാമ്പത്തിക വർഷാന്ത്യത്തിൽ മാത്രമണ് കോവിഡ് പ്രതിസന്ധിയുണ്ടായത്. ആയതിനാൽ കോവിഡ്കാരണം തുടർനടപടികൾ മുടങ്ങിപ്പോയെന്ന മറുപടി സ്വീകരിക്കത്തക്കതല്ല. പഞ്ചായത്തിന്റെ വരുമാനച്ചോർച്ച തടയാനും അനധികൃതസ്ഥാപനങ്ങൾ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതി സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-15-2 യന്ത്രസാമഗ്രികൾക്ക് ഫീസ് ചുമത്തുന്നില്ല - വരുമാനം നഷ്ടപ്പെടുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories,Trades,Entrepreneurship Activities And Other Services) ചട്ടങ്ങളിലെ ചട്ടം 17,20 എന്നിവ പ്രകാരം വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് ഫീസ് ചുമത്തേണ്ടതാണ്. എന്നാൽ,

അ) ലൈസൻസിനുള്ള വിവിധ അപേക്ഷകളിൽ വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികളെ സംബന്ധിക്കുന്ന വിവരം രേഖപ്പെടുത്തിക്കാണുന്നില്ല.

ആ) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾക്ക് മേൽ ചട്ടത്തിന്റെ പട്ടികIII പ്രകാരമുള്ള ഫീസ് ഈടാക്കുന്നില്ല.

ഉദാ - VKL Infrastructure Products (P) Ltd ന്റെ ക്രഷറിനായുള്ള അപേക്ഷയിൽ 1030 കുതിരശക്തിയുള്ള യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതായിരേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിനായുള്ള ഫീസ്

ഈടാക്കിയിട്ടില്ല. ഇതുകാരണം 10300/-രൂപ (പരമാവധി ചുമത്താവുന്ന ഫീസ് )നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നമ്പർ 24/26.02.2021 -ൽ ചൂണ്ടിക്കാണിച്ചതനുസരിച്ച് VKL Infrastructure Products (P) Ltd ന്റെ ക്രഷറിനായുള്ള അപേക്ഷയിൽ 1030 കുതിരശക്തിയുള്ള യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് 10300രൂപ ഈടാക്കി മറുപടി സമർപ്പിച്ചു.
ലൈസൻസിനുള്ള അപേക്ഷകളിൽ വൈദ്യുതി കൊണ്ടോ അല്ലാതെയോ പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികളെ സംബന്ധിക്കുന്ന വിവരം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അവയ്ക്ക് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതുമാണ്. ഈയിനത്തിൽ പഞ്ചായത്തിന്റെ വരുമാനം നഷ്ടപ്പെടുന്നില്ലെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 1-15-3 ലൈസൻസ് ഫീസ് നിർണയിക്കുന്നതിൽ അപാകം

1996 ലെ കേരള പഞ്ചായത്ത് രാജ് D&O Licence ചട്ടങ്ങൾ,(Issue Of Licence To Factories,Trades,Entrepreneurship Activities And Other Services) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പട്ടിക II അനുശാസിക്കുന്ന ഫീസ് ഈടാക്കേണ്ടതുണ്ട്. എന്നാൽ വിവിധ അപേക്ഷകളിൽ മൂലധനത്തുകയോ ദിവസേനയുള്ള വിറ്റുവരവോ രേഖപ്പെടുത്തിക്കാണുന്നില്ല. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് നിർണയിച്ചത് എങ്ങനെയെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 24 ന് മേലിൽ ഇത് പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടം അനുശാസിക്കും പ്രകാരമുള്ള വിവരങ്ങൾ അപേക്ഷയിൽ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അതിൻപ്രകാരമുള്ള ശരിയായ ഫീസ് ഈടാക്കി പഞ്ചായത്തിന്റെ വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16 വാടക - നടപടികളിൽ വീഴ്ച

വാടകയുമായി ബന്ധപ്പെട്ട് ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികളിൽ വീഴ്ചയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-16-1 ഓഡിറ്റോറിയം, ഹാൾ വാടകസംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

എ. എഫ്. എസ്. RP 43 പ്രകാരം Rent From Auditoriums And Halls ഇനത്തിൽ 4050/- രൂപ വരവുണ്ട്. എന്നാൽ ഇതിന് ആധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റോറിയം, ഹാൾ എന്നിവയിൽ നിന്നുള്ള വാടക സംബന്ധിച്ച് രേഖകൾ നിലവിൽ സൂക്ഷിക്കുന്നില്ലെന്നും മേലിൽ സൂക്ഷിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 27/26.02.2021ന്റെ മറുപടി). കൃത്യമായ രേഖകൾ പരിപാലിച്ച് പഞ്ചായത്തിന്റെ വരുമാനം ചോരുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16-2 കട വാടകയുമായി ബന്ധപ്പെട്ട് ഫയൽ പരിപാലിച്ചിട്ടില്ല

ഗ്രാമപ്പഞ്ചായത്തിന്റ കീഴിലുള്ളതും വാടക ഈടാക്കേണ്ടതുമായ കടകളുടെ വാടകയുമായി ബന്ധപ്പെട്ട് ഫയൽ പരിപാലിച്ചിട്ടില്ല. ആയതിനാൽ വാടക സമയബന്ധിതമായി ഈടാക്കുന്നതിനും അതിൽ പിഴവുവരുത്തുന്നവർക്കെതിരെ നിയതമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 27/26.03.2021 ന് മറുപടിയായി മേലിൽ ഫയൽ സൂക്ഷിക്കാമെന്ന് വിശദീകരിച്ചിട്ടുണ്ട്. ഫയലും മറ്റ് അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 നിലത്തിൽ ഡെവലപ്മെന്റ് പെർമിറ്റ് അനുവദിച്ചു

10.01.2019ൽ അഡ്വ. സിന്ധു ബി, ഡയറക്ടർ, ഇന്റിമേറ്റ് ഹോംസ് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച അപേക്ഷയിന്മേൽ 21.06.2019 ന് ഡെവലപ്മെന്റ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ പെർമിറ്റ് അനുവദിച്ച റീസർവേ നമ്പർ 369/1 വസ്തു 10.04.2012 ലെ എ/2052/2012 നോട്ടിഫിക്കേഷൻ പ്രകാരം (24.03.2012 ലെ ഗസറ്റ് നമ്പർ 595/01/ജിപി-46, പേജ് 95, ക്രമ നമ്പർ 687) നിലമാണ്. ഇത്

സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 58/01.03.2021 ന് നല്കിയ മറുപടിയിൽ കൈവശാവകാശ സർട്ടിഫിക്കറ്റിന്മേലാണ് ഡെവലപ്മെന്റ് പെർമിറ്റ് അനുവദിച്ചതെന്ന് വ്യക്തമാക്കി. എന്നാൽ ഇത്തരത്തിൽ വൈരുദ്ധ്യം വന്നപ്പോൾ ബി.ടി.ആർ. പരിശോധിച്ച് ഉറപ്പുവരുത്താത്തതിനാൽ വസ്തുവിന്റെ യഥാർത്ഥ അവസ്ഥ നിർണയിക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള അപാകങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്ന് സെക്രട്ടറി പരിശോധിക്കേണ്ടതും ഭരണസമിതി അതിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്. അനധികൃതമായി പെർമിറ്റ് കൊടുത്തിട്ടുണ്ടെങ്കിൽ അവ റദ്ദ് ചെയ്യാനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

## 1-18 തൊഴിൽ നികുതി- രേഖകളും രജിസ്റ്ററുകളുടെയും പരിപാലനം ക്രമപ്രകാരമല്ല

തൊഴിൽ നികുതി സംബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള സമഗ്രമായ രജിസ്റ്റർ ഗ്രാപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ബി)1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ഉപചട്ടം 18 പ്രകാരമുള്ള ഫോറം നമ്പർ III എല്ലാ സ്ഥാപനങ്ങൾക്കും നൽകിയതിന്റെ നോട്ടീസ് സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ (ഫോറം നമ്പർ V) എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. (ഉദാഹരണം.ഡിമാന്റ് നമ്പർ, ഡിമാന്റ് തുക, നോട്ടീസ് നൽകിയ തീയതി).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/26-02-2021) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ക്രമപ്രകാരം പരിപാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ്, പ്രൊഫഷണൽസ്, ട്രേഡേഴ്സ്- നികുതി നിർണയം സംബന്ധിച്ച് വ്യക്തതയില്ല

സ്ഥാപനങ്ങൾ, പ്രൊഫഷണൽസ്, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന അപാകങ്ങൾ നിലനിൽക്കുന്നു.

എ)ഗ്രാമപഞ്ചായത്തിലുള്ള അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ധർ തുടങ്ങി സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിക്രമത്തിന്റെ വിശദാംശം ലഭ്യമല്ല.

ബി)ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2019-20 വർഷത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധ വർഷത്തിലും 1250 രൂപ നിരക്കിൽ വിവിധ സ്ഥാപനങ്ങലിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങളിലെ) ചട്ടം 4,5,6എന്നിവ പ്രകാരം ഒരു അർദ്ധ വർഷത്തിൽ ഒരു കമ്പനിയോ വ്യക്തിയോ മുഴുവനായും ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബിസിനസ് നടത്തുകയാണെങ്കിൽ അങ്ങനെയുള്ള ഒരു കമ്പനിയുടെയോ വ്യക്തിയുടെയോ ബിസിനസിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ചട്ടം 6 ലെ പട്ടിക പ്രകാരം തൊഴിൽ നികുതി അടവാക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ ടേൺ ഓവർ സംബന്ധിച്ച വിശദാംശം ശേഖരിച്ചിട്ടില്ല.

സി)എഫ്.റ്റി.ഇ.ആന്റ് ഓ എസ് അപേക്ഷകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ലൈസൻസ് അനുവദിച്ച് നൽകിയ ചുവടെ പരാമർശിക്കുന്ന അപേക്ഷകളിൽ സ്ഥാപന ഉടമ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ഇത് 1996 ലെ എഫ്.റ്റി.ഇ ആന്റ് ഓ.എസ് ചട്ടങ്ങളിലെ ഉപചട്ടം 12(2) ലെ വ്യവസ്ഥയ്ക്ക് എതിരാണ്. അന്വേഷണ റിപ്പോർട്ടിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. എപ്രകാരമാണ് നിരക്ക് നിശ്ചയിച്ചതെന്ന് സംബന്ധിച്ച് വ്യക്തതയില്ല.

| ക്രമ നം. | ലൈസൻസ് നമ്പർ | ഈടാക്കിയ തൊഴിൽ നികുതി |
|---|---|---|
| 1 | 98/19-20 (ശ്രീ.കെ.മുരളീധരൻനായർ) | 900 |
| 2 | 97/19-20 (ശ്രീമതി.എം.എസ്.ജമീല) | 600 |
| 3 | 93/19-20(ശ്രീ.ഭുവനേന്ദ്രൻ നായർ) | 360 |
| 4 | 91/19-20(ശ്രീ.അബ്ദുൾ റഷീദ്) | 600 |

ഡി)ഗ്രാമപഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 1246 സ്ഥാപനങ്ങൾ നിലവിലുണ്ട്. ഡി ആന്റ് ഓ രജിസ്റ്റർ പ്രകാരം 514 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 65 സ്ഥാപനങ്ങളുടെ വിശദാംശം മാത്രമാണുള്ളത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/26-02-2021) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി സംബന്ധമായ രേഖകളും രജിസ്റ്ററും കൃത്യമായി പരിപാലിക്കേണ്ടതും നികുതി കൃത്യമായി നിർണ്ണയിച്ച് ഈടാക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-20 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് FTEAOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 60/02-03-2021) ഇവ രണ്ടും ആവശ്യപ്പെട്ടുകൊണ്ട് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് ഒടുക്കുകയോ, തൊഴിൽ നികുതിയുടെ സ്റ്റേറ്റ്മെന്റ് സമർപ്പിച്ച് നികുതി ഒടുക്ക വരുത്തുകയോ ചെയ്തിട്ടില്ല. വരും വർഷങ്ങളിൽ ലൈസൻസ് പുതുക്കുകയോ തൊഴിൽ നികുതി ഈടാക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം 1996 ലെ കേരള പഞ്ചായത്ത് രാജ് എഫ്.റ്റി.ഇ ആന്റ് ഓ.എസ് ചട്ടങ്ങളിലെ ചട്ടം 26, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 24 എന്നിവ പ്രകാരമുള്ള തുടർനടപടികൾ ഉടമക്കെതിരെ സ്വീകരിക്കേണ്ടതാണ്.

## 1-21 ദുരിതാശ്വാസ നിധി - ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പൂർണമായി പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

## 1-21-1 ദുരിതാശ്വാസ നിധി രൂപീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം ലഭ്യമാക്കിയില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ് , കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. എന്നാൽ, ദുരിതാശ്വാസ നിധി രൂപീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം ലഭ്യമാക്കിയില്ല.

## 1-21-2 രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകം

വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ചട്ടം 3(4) പ്രകാരം സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ മിനിട്സ് ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. 13.08.2019ലെ മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല.

## 1-21-3 വിവരങ്ങൾ പ്രസിദ്ധികരിച്ചിട്ടില്ല

ചട്ടം 7 പ്രകാരം ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും സംഭാവന നൽകിയവരുടെയും പേരുവിവരങ്ങളും തുകയും മറ്റ് കണക്കുകളും യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമസഭയിൽ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം പ്രസിദ്ധീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 06/23.02.2021ന്റെ മറുപടി).

## 1-22 കൃഷി ഓഫീസർ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസറുടെ 2019-20ലെ ബിൽബുക്ക് ക്രമ നം. 1 മുതൽ 12 വരെയുള്ള ബില്ലുകളിലായി ആകെ 1625089/- രൂപ പിൻവലിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം കൃഷി ഓഫീസറുടെ ആകെ ചെലവ് തുക (വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതംഎന്നിവയുൾപ്പെടെ) 1625089/- രൂപയാണ്. ബിൽ ബുക്കും ഏതാനും ബില്ലുകൾ മാറിയതിന്റെ TR59Eയുടെ പകർപ്പുകളും ലഭ്യമാക്കിയതല്ലാതെ പ്രോജക്റ്റുകളോ അനുബന്ധ രേഖകളോ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 02/25.02.2021 പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. ആയതിനാൽ സുലേഖ ചെലവ് പത്രിക പ്രകാരം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 വർഷം ചെലവഴിച്ച 1625089/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രണ്ടു മാസത്തിനകം ചെലവു രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായിരിക്കും.

## 1-23 എസ്.എൽ.ബി.പി തുകയുടെ വിനിയോഗം ഉറപ്പു വരുത്തേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0014/20 |
| പ്രോജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 800000 |
| ചെലവ് | 437500 |
| ബിൽ നമ്പർ | 07/28-02-2021 |

ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ രണ്ട് മാസം മുതൽ ആറ് മാസം പ്രായമായ കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യം [സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2 ക്രമ നമ്പർ 6]. കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുവാനും പ്രോജക്ട് ലക്ഷ്യമിട്ടിരുന്നു. പ്രോജക്ട് ഫയലിൽ മേൽ പരാമർശിച്ച തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയതിന്റെ രേഖ മാത്രമാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്. ഇൻഷ്വറൻസ് സംബന്ധമായ രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. 2016-17, 2017-18, 2018-19 വർഷങ്ങളിൽ യഥാക്രമം 625000, 975000, 4,00,000 എന്നിങ്ങനെ തുകകൾ സമാനമായ രീതിയൽ എസ്.എൽ.ബി.പി യ്ക്കായി കൈമാറിയിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിൽ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രത്തിന്റെ വിശദാംശം, Thrown Out ആയ ഗുണഭോക്താക്കളുടെ എണ്ണം എന്നിവ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറിനമ്പർ 02/26-02-2021ന്റെ മറുപടി) . പ്രസ്തുത വിശദാശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതും വരും വർഷങ്ങളിൽ എസ്.എൽ.ബി.പി പ്രോജക്ട് രൂപീകരണ വേളയിൽ മുൻവർഷങ്ങളിലെ തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-24 എ.ബി.സി പ്രോഗ്രാം - വ്യവസ്ഥകൾ പൂർണമായും പാലിക്കപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0017/20 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി പ്രോഗ്രാം |
| അടങ്കൽ | 315000<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 315000 |
| ബിൽ നമ്പർ | 01/05-09-2019 |
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന 150 തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പട്ടിപിടുത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്ക് ചെലവാകുന്ന തുക കണ്ടെത്താനാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2100 രൂപ വകയിരുത്തി തുക മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് 05-09-2019 ൽ കൈമാറി.

എ) 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. 25-09-2019, 01-10-2019, 07-10-19, 11-10-2019, 15-10-2019 എന്നീ തീയതികളിൽ ആണ് തെരുവ് നായകളെ പിടികൂടിയത്. ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming എന്നിവ നടത്തിയതായി രേഖപ്പെടുത്തൽ ഇല്ല (വിനിയോഗ സാക്ഷ്യപത്രത്തിൽ ഉൾപ്പെടെ). മേൽ തീയതികളിൽ പിടികൂടിയ നായകളെ തിരിച്ച് കൊണ്ട് വിട്ട തീയതി വ്യക്തമല്ല.

ബി) സ.ഉ (സാധാ) നം.3247/2016/തസ്വഭവ തീയതി 30-11-2016 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്.

ജീവചൈതന്യ എ.ബി.സി ഗ്രൂപ്പ് കാട്ടാക്കട എന്ന കുടുംബശ്രീ യൂണിറ്റാണ് പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെട്ടതെന്നും മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കത്തയച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും വെറ്റിനറി സർജൻ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 02/26-02-2021ന്റെ മറുപടി). എ.ബി.സി പ്രോജക്ടിന്റെ മോണിറ്ററിംഗ് ചുമതല വെറ്റിനറി സർജനിൽ നിക്ഷിപ്തമായതിനാൽ 27-08-2016 ലെ 45151/RC3/2014/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന് വരും വർഷങ്ങളിൽ ഉറപ്പ് വരുത്തേണ്ടതും ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ട വിശദാംശങ്ങൾ കുടുംബശ്രീ ജില്ല മിഷൻ കോ ഓഡിനേറ്ററിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-25 പുളിന്താനം പാറപ്പൊറ്റ റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - അപാകതകൾ

പുളിന്താനം പാറപ്പൊറ്റ റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 225000 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രോജക്ടിനെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S00156/20 |
| പേര് | പുളിന്താനം പാറപ്പൊറ്റ റോഡ്കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 250000 |
| ചെലവ് | ബിൽ നമ്പർ 8/29.7.2019 തുക 225000/- |

## 1-25-1 വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടില്ല

വാട്ടർ അതോറിറ്റിയുമായി പ്രസ്തുത പദ്ധതി സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 7 ന് "കരാർ വാട്ടർ അതോറിറ്റി തന്നിട്ടില്ലാ"യെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. നിക്ഷേപപ്രവൃത്തികളിൽ നിർബന്ധമായും നിർവ്വഹണ ഏജൻസികളുമായി കരാറിലേർപ്പെടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25-2 വിനിയോഗസാക്ഷ്യ പത്രം ലഭ്യമായില്ല

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡീറ്റയിൽഡ് എസ്റ്റിമേറ്റ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7 ന് പ്രവൃത്തി പൂർത്തികരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്.
എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച തുക 225000 രൂപ തടസ്സം ചെയ്യുന്നു.

## 1-26 തെരുവു വിളക്ക് പരിപാലനം -അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO157/20 |
| പേര് | തെരുവുവിളക്ക് പരിപാലനം |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് 294001<br>തനത് ഫണ്ട് 1374999 |
| ചെലവ് | ബിൽനം 11/16.08.2019-48300/-<br>13/8..9.2019-46900<br>18/11.10.2019-43400<br>24/28.11.2019-37800<br>ചെക്ക്നം. 109048/10.02.2020-737237/-<br>ചെക്ക് നം. 2324189/26.7.2019-601189/- |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ , സ്പെയർ പാർട്സ് വാങ്ങി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഇലക്ട്രീഷ്യനെ കൊണ്ട് ദിവസവേതനാടിസ്ഥാനത്തിൽ നടത്തിക്കാൻ ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ നിരവധി അപാകതകൾ കാണുന്നു.

## 1-26-1 സ്റ്റോക്ക്/ വിതരണ രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ

തെരുവു വിളക്കു പരിപാലനത്തിനായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിലും വിതരണം ചെയ്തതിലും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.
എ)സ്റ്റോക്ക്/വിതരണ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തൽ വരുത്തുകയോ കൈപ്പറ്റിയ ആളിന്റെ വിശദാംശം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ബി)പഞ്ചായത്തു ഡയറക്ടറുടെ ജി2-44274/15 തീയതി 17.8.2015ലെ ഉത്തരവ് പ്രകാരം തെരുവു വിളക്ക് സംബന്ധിച്ച ഒരു കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അത്തരത്തിലൊരു രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

സി)പഞ്ചായത്ത് ഇലക്ട്രീഷ്യൻമാരുമായി വച്ചിട്ടുള്ള കരാർ പ്രകാരം തെരുവു വിളക്കുകളെ സംബന്ധിച്ച പരിപൂർണ്ണ വിവരം വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്ററാക്കി സൂക്ഷിക്കേണ്ടതാണ്. മെയിന്റനൻസ് സംബന്ധിച്ച രജിസ്റ്റർ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളു. അതിൽ തന്നെ നോഡൽ ഓഫീസർ

സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ പൂർണ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർപരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഡി)പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിൽ രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് തയ്യാറാക്കേണ്ടതും സാമ്പത്തികവർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീകൺസിൽ ചെയ്യേണ്ടതുമാണ്. ആയതു സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പരാതി രജിസ്റ്റർ, തെരുവുവിളക്ക് രജിസ്റ്റർ എന്നിവ വരും വർഷങ്ങളിൽ എഴുതി സൂക്ഷിക്കുന്നതാണെന്നും സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാലാണ് ഗുണനിലവാര സർട്ടിഫിക്കറ്റ് വാങ്ങാത്തതെന്നും വാർഡ് അടിസ്ഥാനത്തിൽ വിതരണം നടത്തിയതിന്റെ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 8ന് ലഭ്യമാക്കിയ മറുപടി).

ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26-2 വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയില്ല

പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരുവുവിളക്കുകളുടെ അപര്യാപ്തത പഞ്ചായത്ത് നേരിടുന്ന ഗുരുതര പ്രശ്നമാണ്. അതിന്റെ കാരണമായി സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് തെരുവു വിളക്കുകളുടെ നിലവാര തകർച്ചയാണ്.

യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്ന് വാങ്ങിയ തെരുവു വിളക്കുകളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാലാണ് ഗുണനിലവാര സർട്ടിഫിക്കറ്റ് വാങ്ങാത്തതെന്നാണ് വിശദീകരണം(ഓഡിറ്റ് എൻക്വയറി നമ്പർ 8ന്റെ മറുപടി). സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രശ്നവും അത് പരിഹരിക്കുന്നതിന് മാർഗ്ഗവും ചൂണ്ടിക്കാണിച്ചിരിക്കെ അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തത് ഗുരുതര വീഴ്ചയാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-27 ഉപയോഗ ശൂന്യമായ സി.എഫ്.എൽ മാറ്റി എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S00146/20 |
| പേര് | ഉപയോഗശൂന്യമായ സി.എഫ്.എൽ മാറ്റി എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് 624999 |
| ചെലവ് | ബിൽ നം. 4/14.6.2019- 349501 |
| നിർവ്വഹണം | സെക്രട്ടറി |

മാണിക്കൽ ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകളിൽ കേടായി കിടക്കുന്ന സി.എഫ്.എൽ ലൈറ്റുകൾ മാറ്റി 500എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിനായി സ്പിൽ ഓവർ ആയി ആവിഷ്കരിച്ചിരുന്ന പദ്ധതിയാണിത്.

2018-19ൽ ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത സ്പാർക്ക് സൊല്യൂഷന്റെ ടെണ്ടർ അംഗീകരിച്ച് 15W LED ലൈറ്റുകൾ ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ 1550 രൂപ നിരക്കിൽ വാങ്ങാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2018-19ൽ ആകെ അടങ്കൽ 1000000 രൂപയായിരുന്നു. 2019-20ൽ 2018-

19ൽ ചെലവഴിച്ച തുക കഴിച്ച് 624999/- രൂപയായിരുന്നു അടങ്കൽ. സ്പാർക്ക് സൊല്യൂഷനുമായുള്ള കരാർ നിബന്ധന 3 (നമ്പർ 3356/12.2.2018), ഓർഡർ പ്രകാരമുള്ള എൽ.ഇ.ഡി ലൈറ്റുകൾക്ക് വിതരണം ചെയ്യുന്ന തീയതി മുതൽ 3 വർഷ വാറണ്ടിയുള്ളതും എല്ലാ കേടുപാടുകളും 7 ദിവസത്തിനകം റിപ്പയർ ചെയ്യുമെന്നുമായിരുന്നു . കൂടാതെ, കരാർ നിബന്ധന 10 പ്രകാരം ലൈറ്റ് സ്ഥാപിച്ചത് സംബന്ധിച്ച് മെമ്പർമാരുടെ സാക്ഷ്യപത്രവും ഹാജരാക്കണമായിരുന്നു. 8.6.2018ൽ 375001/- രൂപയ്ക്ക് 250എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. 3.3.2019ലെ ഇൻവോയിസ് നം. SP/16/2017-18 പ്രകാരം233 എൽ.ഇ .ഡി ലൈറ്റുകളുടെ വിലയായി 349501.19 രൂപയുടെ ബിൽ സ്പാർക്ക് സൊല്യൂഷൻ ഹാജരാക്കിയിട്ടുണ്ട്. മേൽ പദ്ധതിയെ സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പഞ്ചായത്തിൽ ആകെ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ വിശദാംശം ഇനം തിരിച്ച് തെരുവുവിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2)സ്പാർക്ക് സൊല്യൂഷനിൽ നിന്ന് 2018-19, 2019-20 വർഷങ്ങളിലായി ആകെ 483 എൽ.ഇ.ഡി ലൈറ്റുകൾ മൂന്ന് വർഷ വാറണ്ടിയോടു കൂടിയും ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ നൽകി വാങ്ങിയിരിക്കെ പ്രോജക്ട് നമ്പർ 157/20 പ്രകാരം തെരുവു വിളക്ക് പരിപാലനത്തിനായി മറ്റൊരു പ്രോജക്ട് ആവിഷ്കരിച്ചതിന്റെ കാരണം വ്യക്തമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 14ന്റെ മറുപടിയായി 21 വാർഡുകൾ അടങ്ങിയ പഞ്ചായത്താണെന്നും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഓരോ വർഷവും സ്ട്രീറ്റ് ലൈറ്റ് വാങ്ങിയാണ് ആവശ്യം നിറവേറ്റി വരുന്നതെന്നുമാണ് വിശദീകരണം നൽകിയത്.

3)തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയിട്ടുള്ള തെരുവുവിളക്ക് രജിസ്റ്റർ സ്ഥാപനം പരിപാലിച്ചിട്ടില്ല. പ്രോജക്ട്നം. 157/20 പ്രകാരം ആകെ 1514826/- രൂപ അടാട്ട് മാതൃകയിൽ തെരുവുവിളക്ക് പരിപാലനത്തിനായി (സാധനങ്ങൾക്കും, രണ്ട്ഇലക്ട്രീഷ്യൻമാർക്കുള്ള വേതനം ഉൾപ്പെടെ) 2019-20ൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകങ്ങൾ ഖണ്ഡിക 1-26 ൽ പരാമർശിച്ചിട്ടുണ്ട്.തെരുവു വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ മൂന്ന് വർഷ വാറണ്ടിയുള്ള 15W LED ലൈറ്റുകൾ സ്പാർക്ക് സൊല്യൂഷനാണോ മെയിന്റനൻസ് നടത്തുന്നത് എന്ന് ഉറപ്പാക്കാനായിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തെരുവു വിളക്ക് പരിപാലന ഇനത്തിൽ നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും തെരുവു വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നിവ തരംതിരിച്ച് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

## 1-28 വിവിധ സ്ഥാപനങ്ങളിലെ കുഴൽകിണർ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും അപപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 153 |

| | |
|---|---|
| പേര് | വിവിധ സ്ഥാപനങ്ങളിൽ കുഴൽകിണർ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും |
| അടങ്കൽ | തനത് ഫണ്ട് 300000 |
| ചെലവ് | 164742(ചെക്ക് നം.ലഭ്യമാക്കിയില്ല) |

വിവിധ സ്ഥാപനങ്ങളിൽ കുഴൽ കിണർ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

## 1-28-1 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

28.2.2020ൽ 71392 രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയ്ക്ക് നെടുംകാണിസബ്സെന്ററിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായി കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
26.12.2019ൽ 93350/- രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും കുഴൽ കിണർ നിർമ്മിക്കുന്നതിനു വേണ്ടി തിരഞ്ഞെടുത്ത സ്ഥലമേതെന്ന് ഫയലിൽ വ്യക്തമല്ല.
കൂടാതെ, ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, ഭൂജലപര്യവേഷണ റിപ്പോർട്ട്, കൈപ്പറ്റ് വിവരം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി നം. 20 ന് പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും കുഴൽ കിണർ നിർമ്മാണത്തിനു വേണ്ടി തെരഞ്ഞെടുത്ത സ്ഥലം സംബന്ധിച്ച് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
എന്നാൽ പ്രോജക്ടിൽ നെടുങ്കാണി സബ്സെന്ററിനെസംബന്ധിച്ചല്ലാതെ രണ്ടാമത് കുഴൽ കിണർ നിർമ്മിക്കുന്ന സ്ഥലത്തെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച 164742/- രൂപ തടസ്സം ചെയ്യുന്നു.

## 1-28-2 പദ്ധതി രൂപീകരണം അപാകതകൾ

പ്രോജക്ട് സിനോപ്സിസ് തയ്യാറാക്കിയിട്ടില്ല. ഇത് ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.5.1.4ന് വിരുദ്ധമാണ്. പദ്ധതികൾ രൂപീകരിക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖ പാലിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-29 പാലിന് സബ്സിഡി പദ്ധതി - മാർഗ്ഗരേഖ പാലിക്കണം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പാലിന് സബ്സിഡി പദ്ധതിയിൽ മാർഗ്ഗരേഖ പൂർണ്ണമായി പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1-29-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പാലിക്കുന്നില്ല

പദ്ധതി രൂപീകരണ ഫോറത്തിലെ ഖണ്ഡിക 29 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനായി അഞ്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട അപേക്ഷകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല.

## 1-29-2 മോണിറ്ററിംഗ് നടത്തുന്നില്ല

29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവയുടെ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത രേഖ ഓഡിറ്റിനായി ഹാജരാക്കിയില്ല. മേൽ ഉത്തരവിന്റെ ഖണ്ഡിക 13.1പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറേണ്ടതും യോഗം ചേർന്ന്

മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. എന്നാൽ മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവത്തിച്ചിട്ടില്ല. ചട്ടങ്ങൾ അനുശാസിക്കും പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയും മോണിറ്ററിംഗ് കമ്മിറ്റിയും സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-30 വാഹന പരിപാലനം / വാഹനം വാടകയ്ക്കെടുക്കൽ -അപാകം

വാഹനപരിപാലനം, വാഹനം വാടകയ്ക്കെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## 1-30-1 വാഹനം വാടകയ്ക്കെടുക്കൽ -ഡി.സി.ബി രജിസ്റ്റർ പരിപാലിക്കുന്നില്ല

വാഹനങ്ങൾ വാടകയ്ക്കെടുക്കലുമായി ബന്ധപ്പെട്ട് കേരള ഫിനാൻഷ്യൽ കോഡ് വാല്യം2 ൽ നിഷ്കർഷിക്കും പ്രകാരം DCB Register( KFC Form 48B) പരിപാലിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 59ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

## 1-30-2 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ പരിപാലനം- രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഉപയോഗം/പരിപാലനവുമായി ബന്ധപ്പെട്ട് കേരള ഫിനാൻഷ്യൽ കോഡ് വാല്യം 2 പ്രകാരം പരിപാലിക്കേണ്ടുന്ന ചുവടെ ചേർക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

എ) Fuel Account Register (KFC Form 48)

ബി) Summary Of Log Book(KFC Form48A)

സി) Maintenance & Repairs Register(KFC Form 48C)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 59 ന് മറുപടി ലഭ്യമാക്കിയില്ല.വാഹനപരിപാലനവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും പരിപാലിക്കേണ്ടതാണ്.

രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

## 1-31 പ്രോജക്കുകൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം -രേഖപ്പെടുത്തലിൽ കൃത്യതയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്കുകളിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ടിന് ശുപാർശ നൽകിയതായി കാണിച്ചിരിക്കുന്ന തീയതികളിൽ സ്റ്റാന്റിംഗ്കമ്മിറ്റികളിൽ അത്തരം തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല.

| പ്രോജക്ട് നമ്പർ | വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ നൽകിയതായി കാണിച്ചിരിക്കുന്ന തീയതി |
|---|---|
| S00146/20 | 1(1)/30.10.2018 |
| S00154/20 | 1(1) 12.6.2019 |
| S00153/20 | 3/13.5.2019 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ(കൈ)നം. 11/2018/ ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 3.4.2 പ്രകാരം വാർഷിക പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നിർണായക സ്ഥാനമുണ്ട്.മേഖലാവകയിരുത്തലുകൾ, അനിവാര്യ വകയിരുത്തലുകൾ എന്നിവ സംബന്ധിച്ച ശുപാർശ നൽകേണ്ടത് സ്റ്റാന്റിങ്ങ് കമ്മിറ്റികളാണ്.ഇത് പാലിക്കപ്പെട്ടില്ല.ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 കൃത്യമായ സ്ഥലപരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/ സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് രൂപീകരണത്തിൽ സ്ഥല പരിശോധനയുടെയും ഗുണഭോക്താക്കളുടെ പങ്കാളിത്തത്തിന്റെയും അഭാവത്താൽ 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയ 41 മരാമത്ത് പ്രവൃത്തികളിൽ 11എണ്ണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | മാറ്റം വരുത്തിയ പ്രധാന ഇനങ്ങളുടെ വിശദാംശം | പുതുക്കാനുണ്ടായ സാഹചര്യം (എൻക്വയറി നമ്പർ 44/01.03.2021ന്റെ മറുപടി) |
|---|---|---|---|---|
| 1 | 133/20 | വേടത്തിക്കുന്ന് പുത്തൻകോണം കോളനി നടപ്പാത കോൺക്രീറ്റ് | മൺപണി ഉൾപ്പെടുത്തി | ഗ്രേഡിയന്റ് വ്യത്യാസപ്പെടുത്തി ഗതാഗതം സുഗമമാക്കുന്നതിന് |
| 2 | 163/20 | പിരപ്പൻകോട് വാർഡിലെ റോഡുകൾ റീടാറിംഗ് | സൈഡ് കോൺക്രീറ്റ് ഉൾപ്പെടുത്തി | നാട്ടുകാരുടെ ആവശ്യപ്രകാരം |
| 3 | 174/20 | പഞ്ചായത്ത് കിണറുകളുടെ നവീകരണം | മോട്ടോർ പമ്പ്, വാട്ടർ ടാങ്ക് റിംഗുകൾ എന്നിവ സ്ഥാപിക്കുന്നതിനായി | നാട്ടുകാരുടെ ആവശ്യപ്രകാരം |
| 4 | 99/20 | തലയൽ എൽ.പി.എസ് പ്രീ പ്രൈമറി ബ്ലോക്ക് മെയിന്റനൻസ് | സ്റ്റീൽ സ്റ്റെയർകേസ് ഉൾപ്പെടുത്തി | പി.റ്റി.എയുടെ ആവശ്യപ്രകാരം |
| 5 | 105/20 | വട്ടവിള അംഗൻവാടി ചുറ്റമതിൽ നിർമ്മാണം | മുറ്റത്ത് ഇന്റർലോക്കിന്റെ ഇനം ഒഴിവാക്കി കോൺക്രീറ്റ് ഉൾപ്പെടുത്തി | ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം |

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലപരിശോധനയും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്.

## 1-33 ബഡ്സ് സ്കൂൾ- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

2019-20 വർഷം ബഡ്സ് സ്കൂൾ അദ്ധ്യാപകർക്കും ഹെൽപ്പർക്കും ഓണറേറിയം വിതരണം ചെയ്യുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിരുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 22/19-20 | ബഡ്സ് സ്കൂൾ അദ്ധ്യാപകർക്കും ഹെൽപ്പർക്കും ഓണറേറിയം | 485100 (വികസന ഫണ്ട്- ജനറൽ) | 404250 |
| 167/19-20 | ബഡ്സ് സ്കൂൾ അദ്ധ്യാപകർക്കും ഹെൽപ്പർക്കും ഓണറേറിയം | 121275 (വികസന ഫണ്ട്- ജനറൽ) | 121275 |

ബഡ്സ് സ്കൂൾ അദ്ധ്യാപകരുടെയും ആയമാരുടെയും വേതനം നിശ്ചയിച്ച സർക്കാർ ഉത്തരവിൽ (07-02-2018 ലെ സ.ഉ(എം.എസ്) 22/2018/തസ്വഭവ) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:8 എന്ന നിലയിലും ആയ വിദ്യാർത്ഥി അനുപാതം 1:15 എന്ന നിലയിൽ ക്രമീകരിക്കണമെന്നും വളരെ തീവ്രമായ വൈകല്യം ഉണ്ടെങ്കിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:2 എന്ന നിലയിൽ ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അസി.സെക്രട്ടറി ലഭ്യമാക്കിയ കണക്കുപ്രകാരം (ഓഡിറ്റ് എൻക്വയറി നമ്പർ 16/24-02-2021) ഗ്രാമപഞ്ചായത്തിലെ പൂലന്തറ വാർഡിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളിൽ 22 വിദ്യാർത്ഥികൾക്ക് (ഇതിൽ 4 വിദ്യാർത്ഥികൾ തീവ്രമായ വൈകല്യം ഉള്ളവരാണ്) ഒരു അദ്ധ്യാപികയും (അസി.ടീച്ചർ വിത്തൌട്ട് സ്പെഷ്യൽ ട്രെയിനിംഗ്) ഒരു ആയയും മാത്രമാണ് ഉള്ളത്. കെട്ടിടത്തിൽ റാംപ്/റെയിൽ സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണമുള്ള മാനദണ്ഡങ്ങൾ ബഡ്സ് സ്കൂളിൽ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-34 പഞ്ചായത്ത് തല കായിക വികസനം- സർക്കാർ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചിട്ടില്ല

സബ്സിഡി മാർഗ്ഗരേഖയിലെ [22/2018/തസ്വഭവ തീയതി 14-02-2018 ലെ ഖണ്ഡിക 7.6(2)] നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയും പ്രോജക്ട് നടത്തിപ്പിനുവേണ്ടി വാങ്ങിയ സാധനങ്ങൾ(സ്പോർട്സ് ജഴ്സി) സ്റ്റോക്ക് രജിസ്റ്ററിൽ എടുക്കാതെയുമാണ് പ്രോജക്ട് നിർവ്വഹണം നടത്തിയത്.

## 1-34-1 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പൂർണമായും പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 45/19-20 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് തല കായിക വികസനം |
| അടങ്കൽ | 120000 (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 81176 |
| ബിൽ നമ്പർ | 12/04-02-2020 (49876)<br>15/04-02-2020 (31300) |
| നിർവ്വഹണം | അസി.സെക്രട്ടറി |

കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് ഫുട്ബോൾ, ക്രിക്കറ്റ്, കബഡി, വോളീബോൾ എന്നീ ഗെയിമുകൾ സംഘടിപ്പിക്കുക, ടീമുകളെ രൂപീകരിക്കുക, പരിശീലനം നൽകുക എന്നിവയായിരുന്നു പ്രോജക്ട് ലക്ഷ്യം. സർക്കാർ ഉത്തരവ് നമ്പർ 22/2018/തസ്വഭവ തീയതി 14-02-2018 ലെ ഖണ്ഡിക 7.6(2) പ്രകാരം പഞ്ചായത്ത് തല ടീം രൂപീകരണത്തിൽ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നതിൽ ചുവടെ പരാമർശിക്കുന്ന നടപടികളും ഉൾപ്പെടുന്നു.

എ) പ്രൊഫഷണൽ യോഗ്യതയുള്ള മൂന്ന് അംഗങ്ങളെ വീതം ഉൾപ്പെടുത്തി ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, കബഡി എന്നിവയ്ക്കായി മൂന്ന് അംഗങ്ങളെ വീതം ഉൾപ്പെടുത്തി ഓരോ ഐറ്റത്തിനും വെവ്വേറെ സെലക്ഷൻ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

ബി) പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട ടീമുകൾക്ക് സംസ്ഥാന/ജില്ല സ്പോർട്സ് കൌൺസിൽ കോച്ചുകൾ, സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കായിക അദ്ധ്യാപകർ, നിർദ്ദിഷ്ട ഗെയിംസുകളിലെ ജില്ല/സംസ്ഥാന ടീം അംഗങ്ങൾ എന്നിവരിൽ നിന്നും പരിശീലകരെ നിയോഗിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നൽകേണ്ടതാണ്.

സി) കേരളോത്സവം ഉൾപ്പെടെ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ നടത്തുന്ന എല്ലാ കായിക പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി ഒരു സ്പോർട്സ് കലണ്ടർ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ തയ്യാറാക്കേണ്ടതാണ്.

എന്നാൽ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഈ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വരും വർഷങ്ങളിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ച് മാത്രം പ്രോജക്ട് നിർവ്വഹണം നടത്തുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 13/24-02-2021ന്റെ മറുപടി). വരും വർഷങ്ങളിൽ പ്രോജക്ടിന്റെ വിവിധ നിർവ്വഹണ ഘട്ടങ്ങൾ സംബന്ധിച്ച സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണമായും നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിക്കേണ്ടതും പഞ്ചായത്ത് ഭരണ സമിതി അക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-34-2 വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ബിൽ നമ്പർ 15/04-02-2020 (31300) പ്രകാരം വാങ്ങിയ സ്പോർട്സ് ജഴ്സികൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശവും ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/24-02-2021) പ്രസ്തുത സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചു കൊണ്ട് മാത്രം വരും വർഷങ്ങളിൽ സമാനമായ പ്രോജക്ടുകളുടെ നിർവ്വഹണം നടത്തേണ്ടതാണ്.

## 1-35 ആർദ്രം മിഷൻ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 154/20 |
| പേര് | ആർദ്രം മിഷൻ തുക കൈമാറൽ |
| അടങ്കൽ | വികസനഫണ്ട് 1393139 |
| ചെലവ് | ബിൽ നം. 10/5.9.2019 തുക 133139 |

മാണിക്കൽ പി.എച്ച്. സിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനായി പ്രോഗ്രാം ഏജൻസിയായ നാഷണൽ ഹെൽത്ത് മിഷന് മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക്

ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11 ന് മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-36 ലൈഫ് ഭവനപദ്ധതി(ജനറൽ) - ഭരണാനുമതിക്ക് മുൻപായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0051/20 |
| പേര് | ലൈഫ് ഭവനപദ്ധതി |
| അടങ്കൽ | വികസനഫണ്ട് 4079300<br>തനത് ഫണ്ട് 985300<br>ബ്ലോക്ക്പഞ്ചായത്ത് 4372170<br>ജില്ലാപഞ്ചായത്ത് 3263103<br>ഹഡ്കോ വായ്പ 67100000<br>സംസ്ഥാനവിഷ്കൃത പരിപാടി30500000 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

305 ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രോജക്ടാണിത്. പ്രസ്തുതപദ്ധതിയുടെഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

എ)പ്രസ്തുതപദ്ധതിയ്ക്ക് ഭരണാനുമതിയ്ക്ക് ശുപാർശ ചെയ്തിരിക്കുന്നത് 14.3.2019ലും [നമ്പർ 1(3)] ഭരണാനുമതി ലഭിച്ചിരിക്കുന്നത് 14.6.2019ലുമാണ്. എന്നാൽ ലഭ്യമാക്കിയ ലൈഫ് മിഷന്റെ ഫണ്ട് അലോട്ട്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം 15840000 രൂപ 14.6.2019 ന മുൻപ് പിൻവലിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നതിന് മുൻപ് പദ്ധതിയ്ക്കായി തുക ചെലവഴിച്ചതെങ്ങനെയെന്ന് വ്യക്തമല്ല

ബി)ലഭ്യമാക്കിയ ലൈഫ് മിഷന്റെ ഫണ്ട് അലോട്ട്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം 19080000 രൂപ 2019- 20 വർഷം ഹഡ്കോ വായ്പായിനത്തിൽ വരവുണ്ട്. മുന്നിരിപ്പായ 16728824/- രൂപ ഉൾപ്പെടെ ആകെ 34320000 രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ഈയിനത്തിലെ ചെലവ് 8360000. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2018ൽ ആരംഭിച്ച പദ്ധതിയിൽ 270 ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചെങ്കിലും 2019-20 സാമ്പത്തികവർഷം പദ്ധതിയ്ക്ക് അനുമതി ലഭിക്കാൻ താമസമുണ്ടായതിനാൽ ഭവനനിർമ്മാണം അനിശ്ചിതത്വത്തിൽ ആവുകയും പദ്ധതിയ്ക്കാവശ്യമായ പണം ലൈഫ് മിഷൻ ആവശ്യാനുസരണം ബാങ്കിൽ ലഭ്യമാക്കുകയും ചെയ്തതിനാൽ ലൈഫ് മിഷന്റെ വാക്കാലുള്ള നിർദ്ദേശവും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരവുമാണ് പ്രോജക്ടിന് ഭരണാനുമതി ലഭിക്കുന്നതിന് മുൻപ് സുലേഖയിൽ രേഖപ്പെടുത്തലുകൾ വരാതെ തന്നെ ഗുണഭോക്താക്കൾക്ക് നേരിട്ട് തുകകൈമാറുന്നതിന് ഇടയായതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുള്ളത്(ഓഡിറ്റ്എൻക്വയറി നമ്പർ 57ന്റെ മറുപടി). 15840000 രൂപ 14.6.2019 ന മുൻപ് പിൻവലിച്ചിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട അക്കൗണ്ടിങ്ങ് അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്. ഭരണാനുമതി ലഭിക്കുന്നതിന് മുൻപ് പദ്ധതിയ്ക്കായി തുക ചെലവഴിക്കുന്ന ത് പദ്ധതി നിർവഹണത്തിന്റെ അപാകമായി വിലയിരുത്തുന്നു. ഇക്കാര്യം ഭരണസമിതി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-37 ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 189 |
| പേര് | ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം |
| അടങ്കൽ | കേന്ദ്രാവിഷ്കൃതപരിപാടി 180000 |
| ചെലവ് | ചെക്ക് നം. 1681008/20.11.219 |

| | |
|---|---|
| | ചെക്ക് നം.1681018/29.1.2020<br>ചെക്ക് നം. 1681033/23.3.2020 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

സ്വന്തമായി കക്കൂസില്ലാത്ത15 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി ശുചിത്വമിഷൻ SBM ഗ്രാന്റ് ഉപയോഗിച്ച് 12000രൂപ വീതം നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

## 1-37-1 ഗുണഭോക്തൃലിസ്റ്റിൽ മുൻഗണനാക്രമം പാലിച്ചില്ല

എ) ആനുകൂല്യം ലഭിച്ചിരിക്കുന്ന നളിനി, പുത്തരിപൊയ്ക വീട്(വാർഡ് നം. 17), ബീനാകുമാരി (വാർഡ് നം. 7), എന്നിവർ ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ടവരല്ല.

ബി)ആനുകൂല്യം ലഭിച്ച ശ്രീ.സെൽവരാജ് 10-ാംമത്തെ വാർഡിൽ കക്കൂസ് മെയിന്റനൻസിലാണ് ഉൾപ്പെട്ടിരിക്കുന്നത്.

സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരമാണ് ആനുകൂല്യംനൽകിയിട്ടുള്ളതെന്നും മോണിറ്ററിംഗ് റിപ്പോർട്ട് ഭാവിയിൽ വാങ്ങി സൂക്ഷിച്ചുകൊള്ളാമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചുള്ളത് ( ഓഡിറ്റ് എൻക്വയറി നമ്പർ 47ന്റെ മറുപടി). സ.ഉ (കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018ൽ ഗ്രാമസഭകൾക്കാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ പൂർണ അധികാരം എന്നുള്ളതിനാൽ ഗ്രാമസഭ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37-2 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 47 ന്, മോണിറ്ററിംഗ് റിപ്പോർട്ട് ഭാവിയിൽ വാങ്ങി സൂക്ഷിച്ചുകൊള്ളാമെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.
പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തി , പദ്ധതി ലക്ഷ്യം കൈവരിച്ചുവെന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-38 ജലശ്രീ- കിണർ റീചാർജ്ജിംഗ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 118/2020 |
| പേര് | ജലശ്രീ- കിണർ റിചാർജ്ജിംഗ് |
| അടങ്കൽ | വികസനഫണ്ട് 18000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 72000<br>ജില്ലാപഞ്ചായത്ത് വിഹിതം 108000<br>ഗുണഭോക്തൃവിഹിതം(നേരിട്ട്) 40000 |
| ചെലവ് | ബിൽ നം. 22/4.2.2020 തുക14400<br>ബിൽ നം. 24/4.2.2020 തുക 7200<br>ബിൽ നം. 26/28.2.2020 തുക 7200 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

കുടിവെള്ള ദൗർലഭ്യമുള്ള 50 സ്ഥലങ്ങളിലെ കിണറുകൾ റീ -ചാർജ്ജ് ചെയ്ത് ജലദൗർലഭ്യം കുറയ്ക്കുന്നതിനായി 7200 രൂപ വീതം സബ്സിഡി ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

## 1-38-1 ആനുകൂല്യ വിതരണം

എ)50 സ്ഥലങ്ങളിലെ കിണർ റീചാർജ്ജ് ചെയ്യുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ ആകെ 4 പേർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.

ബി)പ്രസ്തുത പദ്ധതിയിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതിൽ നിന്നും വളരെ കുറച്ച് ഗുണഭോക്താക്കൾക്ക് മാത്രംആനുകൂല്യം നൽകിയിട്ടുണ്ട്. പ്രോജക്ട് ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 49 ന് മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(7) പ്രകാരം ഗ്രാമസഭായോഗത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതായ വികസനപ്രശ്നങ്ങളുടെ മുൻഗണനാക്രമം സംബന്ധിച്ച് അഭിപ്രായ രൂപീകരണം നടത്തുന്നത് അഭികാമ്യമാണ്. പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ വികസനപ്രശ്നങ്ങളുടെ മുൻഗണനാ ക്രമം നിർണയിച്ച് നടപ്പിലാക്കുന്നതു വഴി പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തുന്നുവെന്നുറപ്പാക്കാവുവുന്നതാണ്.

## 1-38-2 സംയുക്ത പ്രോജക്ട് മാർഗ്ഗരേഖ പാലിച്ചില്ല

വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം,ഗുണഭോക്തൃവിഹിതം എന്നിവ അടങ്കൽ വച്ചിരുന്ന പദ്ധതിയിൽ ആനുപാതികമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം, എന്നിവ ചെലവഴിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ ലഭ്യമായിട്ടുണ്ടോയെന്നും സംയുക്ത പ്രോജക്ടിനായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുമായി കരാറിലേർപ്പെട്ടിട്ടുണ്ടോയെന്നുള്ളതും വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 49 ന് മറുപടി ലഭ്യമാക്കിയില്ല. സ.ഉ (കൈ)നം. 11/2018/ ത.സ്വ.ഭ.വ തീയതി 29.1.2018 ൽ അനുശാസിക്കും പ്രകാരം സംയുകത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38-3 മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

കുടിവെള്ള ദൗർലഭ്യമുള്ള 50 സ്ഥലങ്ങളിലെ കിണറുകൾ ചാർജ്ജ് ചെയ്ത് ജലദൗർലഭ്യം കുറയ്ക്കുന്നതിനായി 7200 രൂപ വീതം സബ്സിഡി ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

## 1-39 ലൈഫ് ഭവനപദ്ധതി (എസ്.സി.പി) - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 49 |
| പേര് | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) |
| അടങ്കൽ | വികസനഫണ്ട് 3380000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1413166 |

| | |
|---|---|
| | ജില്ലാപഞ്ചായത്ത് വിഹിതം 3521392<br>ഹഡ്കോവായ്പ 11185442<br>സംസ്ഥാനാവിഷ്കൃത പരിപാടി 10500000 |
| ചെലവ് | വികസന ഫണ്ട് 2600000<br>ഹഡ്കോ വായ്പ6960000<br>ബ്ലോക്ക് പഞ്ചായത്ത് 360000<br>ജില്ലാപഞ്ചായത്ത് 600000 (ബിൽ നം 27/26.03.2021)<br>സംസ്ഥാനാവിഷ്കൃത പരിപാടി 5300000 |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

## 1-39-1 സംയുക്ത പ്രോജക്ട് മാർഗ്ഗനിർദ്ദേശം പാലിച്ചില്ല

എ)മേൽ പദ്ധതിയ്ക്ക് വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി 14.3.2019ൽ 1(3)-ാം നമ്പർ തീരുമാനമായി ശുപാർശ നൽകുകയും 14.6.2019ൽ 1(3)-ാം നമ്പർ തീരുമാനമായി ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ 8.4.219ൽ 4500000 രൂപ ഹഡ്കോ വായ്പയിനത്തിൽ , 45 ഗുണഭോക്താക്കൾക്ക് 100000 രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവ് സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. 14.6.2019ൽ മാത്രം ഭരണാനുമതി ലഭിച്ച പ്രോജക്ടിൽ നിന്ന് 8.4.219ൽ തുകചെലവഴിച്ചതെങ്ങനെയെന്ന് വ്യക്തമല്ല.

ബി)ബ്ലോക്ക് ജില്ലാപഞ്ചായത്തുകളുമായി സംയുക്ത പ്രോജക്ടിനെ സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 50 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.5.4 പ്രകാരം സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്. 14.6.2019ൽ മാത്രം ഭരണാനുമതി ലഭിച്ച പ്രോജക്ടിൽ നിന്ന് 8.4.219ൽ തുക ചെലവഴിച്ചതെങ്ങനെയെന്നതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-40 കക്കൂസുകളുടെ മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 187 |
| പേര് | കക്കൂസുകളുടെ മെയിന്റനൻസ് |
| അടങ്കൽ | സംസ്ഥാനാവിഷ്കൃതപരിപാടി 143049<br>തനത് ഫണ്ട് 115671 |
| ചെലവ് | ചെക്ക് നം.2324200/18.10.2019 തുക 64680<br>ചെക്ക് നം. 1681008/20.11.2019 തുക 27720<br>ചെക്ക് നം. 1681018/29.1.2020 തുക 9240<br>ചെക്ക് നം. 1681023/23.3.2020 തുക18480 |

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

## 1-40-1 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിലെ അപാകതകൾ

എ)ആനുകൂല്യം ലഭിച്ച ശ്രീമതി. ജയ. ബി പുത്തലത്ത് വീട്, പിരപ്പൻകോട് എന്ന ഗുണഭോക്താവ്

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല

ബി)ഗുണഭോക്താക്കൾക്ക് മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകി. ക്രമ നമ്പർ 2 മുതൽ 5 വരെയുള്ള ഗുണഭോക്താക്കളെ മറികടന്നാണ് 6-ാമത്തെ ഗുണഭോക്താവിന് ആനുകൂല്യം നൽകിയിരിക്കുന്നത്. ക്രമ നമ്പർ 11 മുതൽ 13 വരെയുള്ള ഗുണഭോക്താക്കളെ മറികടന്നാണ് 14-ാമത്തെ ഗുണഭോക്താവിന് ആനുകൂല്യം നൽകിയിരിക്കുന്നത്.

ജയ.ബി പുത്തലത്ത് വീട് എന്ന ഗുണഭോക്താവ്, ഗുണഭോക്തൃലിസ്റ്റിൽ ജയ.ബി, കുന്നിൽ വീട് എന്ന ഗുണഭോക്താവാണെന്നും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട പല ഗുണഭോക്താക്കളും വീട് മെയിന്റനൻസ് ചെയ്യാൻ തയ്യാറാകാത്തതിനാലാണ് മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം നൽകിയതെന്നുമാണ് വിശദീകരണം (ഓഡിറ്റ്എൻക്വയറി നമ്പർ 63 ന്റെ മറുപടി).

പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടത്തുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-40-2 സർക്കാർ നിർദ്ദേശം പാലിച്ചില്ല

തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 334/ഡി.സി1/18/ത.സ്വ.ഭ.വ തീയതിയിലെ സർക്കുലർ പ്രകാരം ഗാർഹിക കക്കൂസുകളുടെ കേടുപാടുകളുള്ള മാലിന്യസംസ്കരണ ഭാഗം അറ്റകുറ്റപ്പണികൾ നടത്തി സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് സുരക്ഷിതമാക്കി ഉപയോഗപ്രദമാക്കുന്നതിന് പരമാവധി 9240/- രൂപ വരെ നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 5000 രൂപ പെർഫോമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് നൽകുന്നതിനും ബാക്കി ഗ്രാമപഞ്ചായത്തിന്റെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും നൽകാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മുഴുവൻതുകയും പെർഫോമൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചു.
പെർഫോമൻസ് ഗ്രാന്റ് ആദ്യഘട്ടം ലഭിച്ചത് 19.1.2019 നാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഡി.ഡി.ഒ കോഡും പ്രോജക്ടും ലഭിച്ചത് വർഷത്തിന്റെ അവസാന പാദമായതിനാൽ തുക ലാപ്സാകാതിരിക്കാൻ വേണ്ടിയാണ് പെർഫോമൻസ് ഗ്രാന്റ് ചെലവഴിച്ചതെന്നും 2021ൽ മാർച്ചിൽ ഫണ്ട് പൂർണമായും ചെലവഴിച്ചില്ലെങ്കിൽ ലാപ്സാകും എന്നതിനാലാണ് അപ്രകാരം ചെയ്തതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ്എൻക്വയറി നമ്പർ 63 ന്റെ മറുപടി).
പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഫണ്ടിന്റെ ലഭ്യത, വിനിയോഗം എന്നിവ ഉറപ്പാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്നുറപ്പു വരുത്തേണ്ടതുമാണ്.

## 1-41 ഭവനപുനരുദ്ധാരണം(എസ്.സി)-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 117 |
| പേര് | ഭവനപുനരുദ്ധാരണം (എസ്.സി) |
| അടങ്കൽ | വികസനഫണ്ട് 2550000 |
| ചെലവ് | ബിൽ നം. 1/10.1.2020 തുക 825000<br>ബിൽ നം. 2/10.1.2020 തുക 225000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ III |

17 ഗുണഭോക്താക്കൾക്ക് 1.5 ലക്ഷം രൂപ വച്ച് വീട് മെയിന്റനൻസിനായി ആനുകൂല്യം നൽകുന്നതിന് ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

## 1-41-1 ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകി

എ)ആനുകൂല്യം ലഭിച്ച തങ്കമ്മ. ഇ, വാലത്തിൽവീട് എന്ന ഗുണഭോക്താവ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ബി)ഗുണഭോക്തൃലിസ്റ്റിൽ മുൻഗണനാക്രമം മറികടന്ന് ആനുകൂല്യം നൽകി. ഗുണഭോക്തൃലിസ്റ്റിൽ രണ്ടാമതായി ഉൾപ്പെട്ട ഗുണഭോക്താവിനെ മറികടന്നാണ് 3,4 എന്നീക്രമനമ്പരുകളിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്. ക്രമ നം. 5ലെ ഗുണഭോക്താവിനെ മറികടന്നാണ് ക്രമനം. 6ലെ ഗുണഭോക്താവിന് ആനുകൂല്യം നൽകിയിരിക്കുന്നത്. ക്രമനം. 7ലെ ഗുണഭോക്താവിനെ മറികടന്ന് ക്രമ നം. 8ലെ ഗുണഭോക്താവിന് ആനുകൂല്യം നൽകി.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 46 ന് തങ്കമ്മ, വാലത്തിൽ വീട് എന്ന ഗുണഭോക്താവ് ഗുണഭോക്തൃലിസ്റ്റിൽ അഞ്ചാമതായി ഉൾപ്പെട്ടിട്ടുള്ള തങ്കമ്മ, പാണയിൽ വീട് ആണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ക്രമനമ്പർ എ)യിലെ പരാമർശത്തിന് അതിലെ ഗുണഭോക്താക്കളായി ഉൾപ്പെട്ടിരുന്ന വ്യക്തികൾക്ക് അതേ വർഷം ബ്ലോക്കിൽ നിന്ന് ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം ലഭിച്ചതിനാലാണ് ഒഴിവാക്കിയതെന്നും മോണിറ്ററിംഗ് റിപ്പോർട്ട് ഭാവിയിൽ വാങ്ങി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ (കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018ൽ അനുശാസിക്കും പ്രകാരം ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നതിനും അർഹരായ ഗുണഭോക്താക്കളാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് ഉറപ്പാക്കി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-41-2 മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 46 ന് മോണിറ്ററിംഗ് റിപ്പോർട്ട് ഭാവിയിൽ വാങ്ങി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ(കൈ) നം.11/2018/ ത.സ്വ.ഭ.വ തീയതി 29.1.2018 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിററർ ചെയ്യേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശം ഭാവിയിൽ കർശനമായി പാലിക്കേണ്ടതാണ്.

## 1-42 ലൈഫ് ഭവനപദ്ധതി- ഗുണഭോക്താവിന്റെ അർഹത- തുടർനടപടിവിവരം ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റിയുടെ 25.09.2019ലെ 1(6)ാം നം. തീരുമാനപ്രകാരം പ്രസന്ന, ഉണ്ടു വിളാകത്തുവീട് എന്ന ഗുണഭോക്താവിന് ലൈഫ് മിഷൻ മാർഗ്ഗരേഖയിൽ അനുശാസിക്കുന്നതിൽ കൂടുതൽ ഭൂമിയുണ്ടെന്നും അതിനാൽ ആനുകൂല്യം നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിൻമേൽ സ്വീകരിച്ച തുടർനടപടികൾ, വിശദാംശം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട്നൽകിയ ഓഡിറ്റ്എൻക്വയറി നം. 62 ന് മേൽ ഗുണഭോക്താവിന് ലൈഫ് മിഷൻ മാർഗ്ഗരേഖയിൽ പറയുന്നതിനേക്കാൾ കൂടുതൽ ഭൂമി ഉള്ളതിനാൽ മുൻകൂറായി നൽകിയ 40000/-രൂപ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ മേൽ വിഷയം ഭരണസമിതി മുൻപാകെ വന്നിട്ടുണ്ടെന്നും എന്നാൽ നാളിതുവരെ ഇതിനുള്ള മറുപടി ലഭ്യമായിട്ടില്ലായെന്നുമാണ് വിശദീകരിച്ചിരിക്കുന്നത്. ആയതിന്റെ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-43 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ- അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ), വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) പദ്ധതികൾ പ്രകാരം റ്റൈ ടെക് ഏജൻസീസിൽ എന്ന

സ്ഥാപനത്തിൽ നിന്നും കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വാങ്ങലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

## 1-43-1 ഫർണിച്ചറുകൾ വാങ്ങൽ- നൽകാവുന്നതിനെക്കാൾ അധികം തുക ജി.എസ്.റ്റി നൽകി

ജി.എസ്.ടി വ്യവസ്ഥകൾ പ്രകാരം ഫർണിച്ചറിന് ഈടാക്കാവുന്ന തുക 12% ആണ്. എന്നാൽ ബിൽ ഇൻവോയ്സ് പ്രകാരം 18% തുക ജി.എസ്.റ്റിയായി രേഖപ്പെടുത്തിയിട്ടുണ്ട്. തുക പൂർണമായും ജി.എസ്.റ്റി വകുപ്പിന് നൽകാതെ റ്റൈ ടെക് ഏജൻസീസിന് നൽകി.

| പ്രോജക്ട് നം./ തുക | ബിൽ ഇൻവോയിസ് നം, തീയതി തുക | ബിൽ ഇൻവോയിസ് പ്രകാരമുള്ള ജി.എസ്.റ്റി (18%) | 12% നിരക്കിൽ നൽകാവുന്ന ജി.എസ്.റ്റി | ജി.എസ്.റ്റി ഇനത്തിൽ അധികം നൽകിയ തുക |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) [3-4] |
| 7/2019-20 440370/- (3495x126) | 000011/ 9.10.2019 | 67175 | 47187 | 19988 |
| 8/2019-20 366975/- | 000013/ 14.10.2019 | 55979 | 39322.5 | 16656.5 |
| ആകെ | | 123154 | 86509.5 | 36644.5 |

സ്ഥാപനവുമായി ബന്ധപ്പെട്ട് ഉചിതമായ നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 53ന്റെ മറുപടി).

ജി.എസ്.റ്റി ഇനത്തിൽ അധികമായി നൽകിയ റ്റൈ ടെക് ഏജൻസീസിൽ നിന്നും തിരികെ ഈടാക്കി തുക സർക്കാർഫണ്ടിൽ തിരികെ ഒടുക്കേണ്ടതും (കോളം4) ജി.എസ്.റ്റി ഇനത്തിൽ റ്റൈടെക് ഏജൻസീസിന് അധികമായി നൽകിയ തുക ഈടാക്കി ജി.എസ്.റ്റി വകുപ്പിന് നൽകേണ്ടതുമാണ്.

## 1-43-2 ഫർണിച്ചറിന്റെ ഗുണനിലവാരം ഉറപ്പാക്കിയില്ല

സ്ഥാപനത്തിന്റെ ബില്ലുകളിലെ HSN കോഡ് ഫർണിച്ചറുമായി ബന്ധപ്പെട്ടവയല്ല. ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള 39251000 നമ്പർ HSN കോഡ് 300 Ml താഴെയുള്ള കണ്ടെയിനറുകളുടെ വില്പനയ്ക്കായുള്ളതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 25.8.19 ലെ തീരുമാന പ്രകാരം വാങ്ങലുകൾ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിൽ ISO Certification ഉള്ള സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തതെന്ന് പരാമർശമുണ്ടെങ്കിലും സ്ഥാപനത്തിന്റെ ISO സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല. കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കിയാണ് പ്രസ്തുതസ്ഥാപനത്തെ തെരഞ്ഞെടുത്തത്. ഫർണിച്ചറുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പ്രൊക്യൂർമെന്റ്

കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. ഗുണനിലവാരം ഉറപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ട്രൈടെക് ഏജൻസീസ് എന്ന സ്ഥാപനവുമായി ഐ.സി.ഡി.എസ് സൂപ്പർവൈസർ കരാർ ചമച്ചിട്ടില്ല . ഓഡിറ്റ് എൻക്വയറി 53 നുള്ള മറുപടിയിൽ തുടർ വർഷങ്ങളിൽ അപാകതകൾ പരിഹരിക്കാമെന്നറിയിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതും സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതുമാണ്.

## 1-44 പഞ്ചായത്ത് വാഹനത്തിന് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെ.എൽ01 .എൽ 6584 നമ്പർ വാഹനത്തിന്റെ ഫ്യൂവൽകൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 59 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-45 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ ക്യാഷ്ബുക്ക് രേഖപ്പെടുത്തലുകൾ പൂർണമല്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതികൾ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ കൃത്യമായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ക്യാഷ് ബുക്ക് റ്റി.ആർ7 എ മാതൃകയിലല്ല പരിപാലിക്കുന്നത്. ക്യാഷ് ബുക്കിൽ വരവ് തുകകളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ (ട്രഷറിബിൽ നമ്പർ/ചെക്ക് നമ്പർ, തീയതി, തുക നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-45 പാലിയേററീവ്കെയർ -സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് ഖണ്ഡിക 2-2 പ്രകാരം വാർഡ് തല പ്രവർത്തനത്തിന്റെ ഭാഗമായി ദീർഘ പരിചരണം ആവശ്യമുള്ളവരെ വാർഡടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതും ഇവർക്ക് മാനസിക സാമൂഹിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ ആരോഗ്യ അവലോകന സമിതി രൂപീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 31 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019 2-3 പ്രകാരം പഞ്ചായത്തിൽ ദീർഘകാല പരിചരണം ആവശ്യമുള്ളവരുടെ ലിസ്റ്റ് സബ്സെന്റർ തലത്തിൽ കണ്ടെത്തി ഓരോ രോഗിക്കും പരിചരണം ഉറപ്പാക്കേണ്ടതും തുടർച്ചയായി മരുന്നുകൾ ആവശ്യമുള്ളവരെ ആരോഗ്യ കേന്ദ്രത്തിലെ ഓ.പി.യിലേക്ക് റഫർ ചെയ്യേണ്ടതും നഴ്സിംഗ് പരിചരണം ആവശ്യമായവരെ ഹോം കെയർ യൂണിറ്റിലേക്കും റഫർ ചെയ്യേണ്ടതാണ്. എന്നാൽ സബ്സെന്റർ തലത്തിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 32 നുള്ള മറുപടി പ്രകാരം നിർദ്ദേശം പാലിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019 ഉത്തരവ് 2-12 പ്രകാരം ഹോംകെയർ സംവിധാനവും അനുബന്ധപ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഊർജ്ജിത ശ്രമം നടത്തേണ്ടതുണ്ട്. എന്നാൽ ഇതിലേക്കായി 2019-20 ൽ തുക ലഭിച്ചിട്ടില്ല. ഹോംകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 ഐ.സി.ഡി.എസ് സൂപ്പർവൈസർ പൂർത്തീകരണസാക്ഷ്യപത്രം

## തയ്യാറാക്കിയിട്ടില്ല

സ.ഉ(കൈ )നം 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക11.4 പ്രകാരം പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തിയാകുമ്പോൾ തന്നെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതും പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ ഇത്തരത്തിൽ പദ്ധതികളുടെ പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 53 നുള്ള മറുപടിയായി തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പദ്ധതികളുടെ വിലയിരുത്തലിന് പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തുന്നത് സഹായകരമാകും. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-47 മെഡിക്കൽ ഓഫീസർ - പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല

സ.ഉ(കൈ )നം 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക11.4 പ്രകാരം പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തിയാകുമ്പോൾ തന്നെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതും പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ഇത്തരത്തിൽ പദ്ധതികളുടെ പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 53 നുള്ള മറുപടിയായി തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പദ്ധതികളുടെ വിലയിരുത്തലിന് പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തുന്നത് സഹായകരമാകും. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-48 ഹോമിയോ മരുന്നുകൾ ലഭിക്കാൻ കാലതാമസം

മെഡിക്കൽ ഓഫീസർ (ആയുർവേദം ) നിർവ്വഹിച്ച 23/2019-20 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി ബിൽ നമ്പർ 3/14.10.2019 പ്രകാരം 100000/- രൂപ പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ഓഡിറ്റ് വേളയിലാണ് ലഭിച്ചിട്ടുള്ളത്. മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം സംഭവിക്കുന്നതിന്മേൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടായിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ ഇതേ പദ്ധതിക്കായി 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിലും ഹോമിയോ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം സംഭവിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിന് സ്റ്റാന്റിംഗ്കമ്മിറ്റി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ മോണിറ്ററിംഗ് ശക്തിപ്പെടുത്തേണ്ടതുമാണ്.

## 1-49 ആരോഗ്യരംഗത്തെ പദ്ധതികൾ - അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പദ്ധതികളിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

## 1-49-1 മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾക്കായി തുക പിൻവലിച്ച് കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. എന്നാൽ ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ/ തീയതി തുക | മരുന്നുകൾക്കായി ചെലവഴിച്ച തുക | ലഭിച്ച മരുന്നുകളുടെ മൂല്യം | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| 37/2019-2020 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 11/ 6.1.2020 100000/- | 98000 | 93128 | 4872 |
| 33/2019-20 വയോജന സൗഹൃദ പഞ്ചായത്ത് - അലോപ്പതി മരുന്ന് വാങ്ങൽ | 6/24.8.2019 400000/- | 400000 | 371299 | 28701 |
| 25/2019-20 സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ) | 10/6.1.2020 149999/- | 149999 | 121993/- | 28006 |
| | 15/21.1.2020 390000/- | 390000 | 201174 | 188826 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49-2 മോണിറ്ററിംഗ് ഫലപ്രദമല്ല

സ.ഉ(കൈ )നം 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 13.1ലെ നിർദ്ദേശ പ്രകാരം പദ്ധതിരൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി രൂപപ്പെട്ട് പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പദ്ധതികൾ മോണിറ്റർ ചെയ്തിട്ടില്ല. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-50 പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ-പദ്ധതി നടപ്പിലായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S00155/20 |
| പേര് | പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ |
| അടങ്കൽ | വികസന ഫണ്ട് 650000 |
| ചെലവ് | ബിൽ നം. 6/4.7.2019-260000 |

പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകുന്നതിന് വൈദ്യുതിക്ഷാമം പരിഹരിക്കാൻ, പഞ്ചായത്ത് ഓഫീസിൽ ഡീസൽ ജനറേറ്റർ സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ചിരുന്ന പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. 8.7.2019ൽ BHEL Electrical Machines Ltd മായി വച്ച എഗ്രിമെന്റ് ക്രമ നമ്പർ 17 പ്രകാരം DG Setന്റേയും Installation Offerന്റേയും 40% സപ്ലൈ ഓർഡറിനൊപ്പം മുൻകൂറായി നൽകണമെന്നായിരുന്ന വ്യവസ്ഥ. ആയതിന്റെ അടിസ്ഥാനത്തിൽ 4.7.2019ൽ 260000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എഗ്രിമെന്റിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. സെക്രട്ടറി BHEL Electrical Machines Ltd ന്

നൽകിയ കത്തിൽ(നമ്പർ എ4/2082/12 തീയതി 5.1.2021) നാളിതുവരെ ജനറേറ്റർ സ്ഥാപിച്ചിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

BHEL Electrical Machines Ltd നെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 21.1.2021 തീയതിയിലെ 1(4)-ാം നമ്പർ തീരുമാന പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 5 ന്റെ മറുപടി). തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 6800 | കേദാരം | 0 | 6800 | 0 |
| | | 21000 | ഹരിതഭവനം | 0 | 21000 | 0 |
| | | 600000 | പട്ടികജാതി കോളനി നവീകരണം | 0 | 600000 | 0 |
| | | 483000 | സ്നേഹസ്പർശനം | 0 | 483000 | 0 |
| | | 600000 | ലൈഫ് ഭവനം (പട്ടികജാതി) | 0 | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 6800 | കേദാരം | 0 | 6800 | 0 |
| | | 2040492 | ലൈഫ് ഭവനം (ജനറൽ) | 0 | 1980000 | 60492 |
| | | 483750 | സ്നേഹസ്പർശനം | 0 | 483000 | 750 |
| | | 82417 | പാലിന്റ സബ്സിഡി | 0 | 82417 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 996366 | ലൈഫ് ഭവനം (പട്ടികജാതി) | 0 | 360000 | 636366 |

| 2018-19 ലെ B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 2019-20 RP7/31 പ്രകാരമുള്ള വരവ് | ആകെ | സുലേഖ പ്രകാരമുള്ള ചെലവ് | ബാക്കി | 2019-20 ലെ B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 479764 | 1715600 | 2195364 | 1710800 | 484564 | 479764 |

2019-20 ലെ B4 പ്രകാരമുള്ള നീക്കിയിരിപ്പും സുലേഖ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ 4800/- രൂപയുടെ വ്യത്യാസം വന്നിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 22 നുള്ള മറുപടിയിൽ സാംഖ്യയിൽ പേയ്മെന്റ് ഹെഡിൽ ചെലവ് കാണിക്കുന്നതിനു പകരം വരവ് ഹെഡിൽ തന്നെ ചെലവ് നടത്തിയതിനാലാണ് മേൽ വ്യത്യാസം വന്നിരിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പുളിന്താനം പാറപ്പൊറ്റ റോഡ്- കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 225000 | 0 | 0 | 225000 |

മേൽ പദ്ധതിയുടെ വിനിയോഗം സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പായിനത്തിൽ 2,25,00,000/-രൂപ HUDCO ലോണായി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം തിരിച്ചടവിന്റെയും നീക്കിയിരിപ്പിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | ബാക്കിയടയ്ക്കുവാൻ വസാനം തിരിച്ച വർഷായുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | 727/2010/ തീയതി 04.03.2010 | 13000000 | 1130000 | 1130000 | -- |
| ഹഡ്കോ | 289/ എൽ.എം.സി.എ1- | 64205935 | 41705935 | - | 64205935 |

| | | | | | |
|---|---|---|---|---|---|
| | കെ.യു.ആർ.ഡി. എഫ്.സി/2018 തീയതി 04.01.2019 | (2019-20 വർഷത്തിൽ ലഭിച്ച തുക കൂടി ഉൾപ്പെടുത്തിയ തുക) | | | |

എ) 2018-19 ലെ B 5 പ്രകാരം Hudco Loan 41705935/-രൂപ നീക്കിയിരിപ്പുണ്ട്.2019-20 ൽ 2,52,00,000/-രൂപ (RP 32) പ്രകാരം വരവ് വന്നിട്ടുണ്ട്.ഈ ഇനത്തിൽ ചെലവുകളൊന്നും രേഖപ്പെടുത്തിയിട്ടുമില്ല. 2019-20 ലെ B 5 പ്രകാരം 66905935/-യാണ് വരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2019-20 ലെ B 5 ൽ 61905935/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 50,00,000/-രൂപയുടെ വ്യത്യാസം കാണുന്നു.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം,ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ- |
|---|---|---|---|
| 1999-2000 ഖണ്ഡിക 21 | 2005-06 ഖണ്ഡിക 2.4.1 | മുൻക്കൂർ തുകകൾ ക്രമീകരിക്കാത്തത് | നടപടികൾ സ്വീകരിച്ച് വരുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ )

| ഓഡിറ്റ് വർഷം | ഖണ്ഡിക | ഉദ്യോഗസ്ഥന്റെ പേര് | ചാർജ് / സർച്ചാർജ് | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2016-17 | 3-6(1), 3-6(20 | ശ്രീമതി രശ്മി.പി.നായർ | സർച്ചാർജ് | തുക ഒടുക്ക് വരുത്തിയിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 93882254 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 88068809 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2014831 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-22 | 1625089 | ശ്രീമതി പമീല വിമൽരാജ്, കൃഷി ഓഫീസർ |
| 1-25-2 | 225000 | ശ്രീ. പ്രേംശങ്കർ.എസ്, സെക്രട്ടറി |
| 1-28-1 | 164742 | ശ്രീ. പ്രേംശങ്കർ.എസ്, സെക്രട്ടറി |
| ആകെ | 2014831 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പമീല വിമൽരാജ്, കൃഷി ഓഫീസർ | ലഭ്യമല്ല | രാജ്ഭവൻ,43, കമലേശ്വരം, തിരുവനന്തപുരം |
| ശ്രീ. പ്രേംശങ്കർ.എസ്, സെക്രട്ടറി | ലഭ്യമല്ല | ആമ്പാടി,മണ്ണക്കൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/936/18 തീയതി 18-07-18 | 2 |
| 2005-06 | | 6 |
| 2006-07 | | 4 |
| 2007-08 | | 5 |
| 2008-09 | | 3 |
| 2009-10 | | 18 |
| 2010-11 | | 34 |
| 2011-12 | | 11 |
| 2012-13 | | 2 |
| 2013-14 | | 3 |
| 2014-15 | | 3 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1/934/16 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1661/17 | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2626/18 തീയതി.11.02.2019 | 18 |
| 2018-19 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്